


ഡിജിറ്റൽ മാഗസീൻ

# കാഴ്ച
# Vision

## 2018-19

## ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ നെയ്യാറ്റിൻകര

# നന്മകൾ കേട്ടത് കണ്ടത് ചൊല്ലാൻ
# നാക്കിനു കഴിയട്ടെ
# തിന്മകൾ കണ്ടാൽ കൊത്തിക്കീറാൻ
# കൊക്കിനു കഴിയട്ടെ



## അയ്യപ്പപ്പണിക്കർ

# 'കാഴ്ച '-2018-19

## ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ

## നെയ്യാറ്റിൻകര,തിരുവനന്തപുരം

## Ph:2222209

'ഡിജിറ്റൽ മാഗസിൻ-2018-19
ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ
നെയ്യാറ്റിൻകര

കാഴ്ച 2018-19

ചീഫ് എഡിറ്റർ-ഹെഡ്മിസ്ട്രസ്സ്
സ്റ്റാഫ് എഡിറ്റർ-സതി എസ്.(വിദ്യാരംഗം കൺവീനർ)
സ്റ്റുഡൻറ് എഡിറ്റർ-കൃഷ്ണാഞ്ജന
എഡിറ്റോറിയൽ ബോർഡ് : Little kites trainers
(മോളി ഡി.
ഷീജ പ്രിൻസി)
പ്രേമലത(ഇംഗ്ലീഷ്)
സുഷ്മാ പുരുഷോത്തമൻ(ഹിന്ദി)

ലേ ഔട്ട് & ഡിസൈനിംഗ് : ഐശ്വര്യ എസ്.ശേഖർ
ദർശന എസ്.എസ്.
ദേവനന്ദ സി.വി.
പാർവ്വതി കെ.എസ്.
ആദിത്യ ആർ.
അഭിരാമി ആർ.
ആര്യ എസ്.എം
അഭയ ബി. എസ്
& ലിറ്റിൽ കൈറ്റ്സിലെ മറ്റു അംഗങ്ങൾ
.

# ഉൾകാഴ്ചകൾ


- സന്ദേശം
- ആശംസ
- എഡിറ്റോറിയൽ
- വിദ്യാലയചരിത്രം
- സ്കൂൾ പ്രവർത്തനങ്ങൾ
- വിദ്യാരംഗം
- ജൂനിയർ റെഡ്ക്രോസ്
- മലയാളത്തിളക്കം
- ലിറ്റിൽ കൈറ്റ്സ്
- ഗൈഡിംഗ്
- ക്ലബ്ബ് പ്രവർത്തനങ്ങൾ
- സയൻസ് ക്ലബ്ബ്
- ഗണിത ക്ലബ്ബ്
- സോഷ്യൽ സയൻസ് ക്ലബ്ബ്
- ഹിന്ദി ക്ലബ്ബ്
- കലോത്സവം
- ഹരിതോത്സവം
- വിജ്ഞാനമാണ് ശക്തി
- മറക്കാനാവാത്ത യാത്ര –യാത്രാവിവരണം
- കടങ്കഥകൾ

- ആ"ചാരം" - കവിത
- സ്ത്രീജന്മം പുണ്യജന്മം - കഥ
- രസതന്ത്രം - കവിത
- തുള്ളൽ - കവിത
- പ്രകൃതി - യാത്രാവിവരണം
- ക്വിസ്
- പ്രകൃതി നല്കിയ പാഠം - കഥ
- ഞാനീ ഭൂമിക്കു ഭാരം - കവിത
- ഞാറ്റുവേലച്ചൊല്ലുകൾ - നാട്ടറിവ്
- നെല്ല് - പല ഭാഷകളിൽ
- അമ്മയെന്ന കേരളം - കവിത
- പ്രകൃതിവർണ്ണന
- വീട്ടമ്മയുടെ ഉപദേശം - കഥ
- കിട്ടുവിന്റെ ക്രിസ്തുമസ് സമ്മാനം - കഥ
- പ്രളയം - കവിത
- പ്രതിഭ - കവിത
- Why do we need more schools in government sector?-Article
- Peace comes to you -poem
- English riddles .
- सच्चरित्रता -
- कहानी सम्राट-प्रेमचन्द
- വരകൾ വർണ്ണങ്ങൾ -ചിത്രരചന
- ആൽബം

# സന്ദേശം

വിദ്യാലയങ്ങൾ ഹൈടെക്കാക്കുന്നതിന്റെ ഭാഗമായാണ് നമ്മുടെ വിദ്യാലയത്തിലും ഒരു ഡിജിറ്റൽ മാഗസീൻ പ്രസിദ്ധീകരിക്കുന്നത്. വിദ്യാർത്ഥികളുടെ സർഗസൃഷ്ടികൾ വെളിച്ചം വിതറുന്ന ഈ 'കാഴ്ച' കണ്ണുതെളിയിക്കുന്നതാകട്ടെ. ഇതിന് പിന്നിൽ പ്രവർത്തിച്ച **Little Kites** അംഗങ്ങൾക്കും അധ്യാപകർക്കും എന്റെ ആശംസകൾ

ഹെഡ്മിസ്ട്രസ്



ശ്രീമതി പി.ടി. ശശികല

# സന്ദേശം

നെയ്യാറ്റിൻകര ഗവ.ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസീൻ തയ്യാറാക്കുന്നുവെന്നറിഞ്ഞതിൽ സന്തോഷമുണ്ട് . കുട്ടികളുടെ സർഗശേഷികൾ ഉൾപ്പെടുത്തികൊണ്ട് പ്രസിദ്ധീകരിക്കുന്ന ഈ മാഗസീന് എന്റെ എല്ലാവിധ ആശംസകളും .

**പ്രിൻസിപ്പാൾ**



**അനിൽകുമാർ പി**

# ആശംസ

നെയ്യാറ്റിൻകര ഗവൺമെൻറ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികളുടെയും അധ്യാപകരുടേയും സൃഷ്ടികൾ ഉൾപ്പെടുത്തിക്കൊണ്ട് ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന "കാഴ്ച" എന്ന ഡിജിറ്റൽ മാഗസീന് എന്റെ എല്ലാവിധ ആശംസകളും.

- പി.ടി.എ. പ്രസിഡന്റ്



ശ്രീ അനിൽകുമാർ

# എഡിറ്റോറിയൽ

*കാലം വരച്ചിട്ട കാൽപ്പനികഭാവങ്ങൾ ഇളം മനസ്സുകളിലെ സർഗചേതനയ്ക്ക് പ്രചോദനമാകുമ്പോൾ കഥയും കവിതയും വരകളും വർണ്ണങ്ങളുമായി അവ പുനഃസൃഷ്ടിക്കപ്പെടുന്നു . എല്ലാ വിവേചനങ്ങളെയും മറികടന്ന് മനുഷ്യനെ മനുഷ്വത്വമുള്ളവനാക്കി മാറ്റാൻ കലയും സാഹിത്യവും എക്കാലവും പ്രചോദനമായിട്ടുണ്ട് . കൗമാരഭാവനകൾ ചിറകു വിടർത്തിയാടുന്ന 'കാഴ്ച' കളിലേക്ക് സഹൃദയരെ സാദരം ക്ഷണിച്ചുകൊണ്ട് സമർപ്പിക്കുന്നു .*

**'കാഴ്ച'**

**'Vision'**

*(വിദ്യാരംഗം കൺവീനർ)*



***ശ്രീമതി സതി എസ്.***

# വിദ്യാലയചരിത്രം

വളരെ പ്രശസ്തമായ സേവനപാരമ്പര്യമുള്ള പശ്ചാത്തലമാണ് ഈ വിദ്യാലയത്തിനുള്ളത്. നെയ്യാറിന്റെ തീരത്താണ് ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ സ്ഥിതി ചെയ്യുന്നത് . സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ജന്മം കൊണ്ട് ധന്യമായ നെയ്യാറ്റിൻകരയിൽ 1961 ലാണ് ഈ സ്കൂൾ ആരംഭിച്ചത്. അന്ന് ഈ സ്കൂളിന്റെ പേര് ഇംഗ്ലീഷ് ഹൈസ്കൂൾ ഫോർ ബോയ്സ് എന്നായിരുന്നു. 61 ൽ 4500 വിദ്യാർത്ഥീവിദ്യാർത്ഥിനികൾ ഉണ്ടായിരുന്നു. സ്കൂളിന്റെ നല്ല നടത്തിപ്പിനായി മൂന്നാറിൽ നിന്ന് ഡോ. തോമസ്സിനെ പ്രഥമാധ്യാപകനായി കൊണ്ടുവന്നു. അദ്ദേഹത്തിന്റെ സേവനം പ്രശംസനീയമാണ്. അന്നത്തെ വിദ്യാഭ്യാസ മന്ത്രിയും മുഖ്യമന്ത്രിയുമായിരുന്ന ശ്രീ. പട്ടം താണുപിള്ള ഈ സ്ഥാപനം രണ്ടായി വേർപിരിക്കാൻ ഉത്തരവിട്ടു. അങ്ങനെ ഗേൾസ് ,ബോയ്സ് എന്നിങ്ങനെ രണ്ടു സ്കൂളുകളായി.ഇപ്പോൾ ഗേൾസ് സ്കൂൾ നിലനിൽക്കുന്ന സ്ഥലം അന്ന് തീപ്പാച്ചാൻ കാലാപ്പുരയിടം എന്നാണ് അറിയപ്പെട്ടിരുന്നത്. 4 ഏക്കർ 35 സെന്റ് പുരയിടം 1962 ൽ സ്കൂളിനായി വാങ്ങി. എം ലക്ഷ്മി അമ്മാൾ ആയിരുന്നു ആദ്യ എച്ച്.എം. ആദ്യ വിദ്യാർത്ഥിനി ബി. അംബിക അമ്മ. ഹരിതഭംഗി നിറഞ്ഞ വിശാലമായ സ്കൂൾ അന്തരീക്ഷം പഠനപ്രവർത്തനങ്ങൾക്ക് ഏറെ അനുയോജ്യമാണ്. മികച്ച ലൈബ്രറിയും ആധുനിക കാലത്തിന് അനുയോജ്യമായ മൾട്ടി മീഡിയ ലാബും ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. എഡ്യൂസാറ്റ് ഉൾപ്പെടെയുള്ള ആധുനിക വിദ്യാഭ്യാസ സങ്കേതങ്ങളും ഇവിടെ ലഭ്യമാണ്. പഠനത്തിൽ മാത്രമല്ല,

കലാകായിക രംഗങ്ങളിലും ഇവിടുത്തെ കുട്ടികൾ മികവു പുലർത്തുന്നു. 2003-2004 ൽ നടന്ന സംസ്ഥാന കലാ മത്സരത്തിൽ ഗീതു എസ്. എസ് കലാതിലകമായിട്ടുണ്ട്. ഈ സ്കൂളിൽ പഠിച്ച അനേകം വിദ്യാർത്ഥിനികൾ ഉദ്യോഗരംഗത്തും സാംസ്കാരിക രംഗങ്ങളിലും കലാകായിക രംഗങ്ങളിലും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. 2010 ൽ നെയ്യാറ്റിൻകര വിദ്യാഭ്യാസ ഉപജില്ലയിൽ ICT മോഡൽ സ്കൂളുകളായി തിരഞ്ഞെടുത്ത മൂന്ന് സ്കൂളുകളിൽ ഒന്ന് ഗേൾസ് ഹയർസെക്കൻഡറി സ്കൂളാണ്. കൈരളി ക്ലബ്, വിദ്യാരംഗം കലാവേദി, ആർട്സ് ക്ലബ്, സ്പോർട്സ് ക്ലബ്, സയൻസ് ക്ലബ്, സോഷ്യൽ സയൻസ് ക്ലബ്, ഐ. ടി ക്ലബ്, ഗണിത ക്ലബ്, സംഗീത ക്ലബ്, റെഡ്ക്രോസ്, ഗൈഡ് തുടങ്ങി വിവിധ ക്ലബ്ബുകൾ ഊർജ്ജസ്വലമായിനടത്തിവരുന്നു. ശ്രീ അനിൽ കുമാർ ഇപ്പോഴത്തെ പ്രിൻസിപ്പലും, ശ്രീമതി ശശികല ഹെഡ്മിസ്ട്രസുമാണ്.



# സ്കൂൾ പ്രവർത്തനങ്ങൾ

# Little Kites

സ്കൂൾ കുട്ടികളുടെ ***I. C. T.*** കൂട്ടായ്മ.... സ്കൂൾ ***IT club*** എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ ക്ലബ്ബ് സർക്കാരിന്റെ "പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം" പദ്ധതിയുടെ ആരംഭം കുറിച്ചപ്പോൾ "ഹായ് സ്കൂൾ കുട്ടിക്കൂട്ടം" എന്നായി മാറി. ഹൈടെക് രീതിയിൽ വിദ്യാഭ്യാസം മെച്ചപ്പെടുത്തി, പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കാൻ സർക്കാർ, ജനപ്രതിനിധികൾ, പി. റ്റി. എ, പൂർവ്വവിദ്യാർത്ഥികൾ, മറ്റ് സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകർ എന്നിവർ കൂട്ടായി തീരുമാനമെടുത്തപ്പോൾ ഇത്തരം പദ്ധതികൾ നടപ്പാക്കാൻ ***KITE*** ഉം (***IT @ School Project Office***) മുൻകൈയെടുത്തു. അങ്ങനെ കുട്ടിക്കൂട്ടം ക്ലബ്ബ് ***Little Kite*** എന്ന് ***Registered Club*** ആയി മാറി.

ഒരു ശലഭം പാറിപറക്കുമ്പോൾ പ്രകൃതിയിലെ വർണ്ണാഭമായ കാഴ്ചകൾ കാണുന്ന പോലെ ***Little Kites*** അംഗങ്ങൾ ആനിമേഷൻ, മൊബൈൽ ആപ്പ്, ***Hardware***, പ്രോഗ്രാം, ഇലക്ട്രോണിക്സ് / റോബോട്ടിക്സ് തുടങ്ങി വിവിധ മേഖലകളിലൂടെ .....ദൃശ്യാവിഷ്കാരങ്ങളിലൂടെ.......... പ്രായോഗികപ്രവർത്തനങ്ങളിലൂടെ......... പഠനപുരോഗതി നേടി ഹൈടെകിന്റെ വർണ്ണ കാഴ്ചകൾ സ്വായത്തമാക്കുന്നു.

ഇതിൽ ഏതെങ്കിലും ഒരു മേഖല അവരുടെ ഭാവി ജീവിതത്തിൽ അവർക്കൊരു ജീവിതോപാധിയായ് മാറാൻ സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട്

S.I.T.C.



ജനത ടീച്ചർ

ലിറ്റിൽ കൈറ്റ് ട്രയിനേഴ്സും അംഗങ്ങളും



# വിദ്യാരംഗം കലാ സാഹിത്യവേദി

മാനുഷികമൂല്യങ്ങൾ വളർത്തിയെടുക്കുന്നതിൽ കലകൾക്കും സാഹിത്യത്തിനും നിർണ്ണായകമായ സ്ഥാനമാണുള്ളതെന്ന് ചരിത്രം തെളിയിക്കുന്നു. ഇത്തരം മൂല്യങ്ങൾ വളർത്തിയെടുക്കുക എന്ന ഉദ്ദേശത്തോടെയാണ് 'വിദ്യാരംഗം കലാസാഹിത്യവേദി' നടപ്പിലാക്കിയിട്ടുള്ളത്. എല്ലാ വിദ്യാർത്ഥികളും ഈ ക്ലബ്ബിൽ അംഗങ്ങളാണ്. ജൂൺ നാലാം തീയതിതന്നെ ഈ ക്ലബ്ബിന് തുടക്കം കുറിച്ചു. ജൂൺ 19 ന് മുൻ **A. E. O.** ആയിരുന്ന ശ്രീമതി ശാന്തിപ്രമീള ടീച്ചർ വിദ്യാരംഗം കലാസാഹിത്യവേദിയുടെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. വായനദിന സന്ദേശം നല്കുകയുണ്ടായി. വായനയുടെ മഹത്വം വ്യകതമാക്കുന്ന ഗാനം കുട്ടികൾ ആലപിച്ചു. പ്രിൻസിപ്പാൾ,ഹെഡ്മിസ്ട്രസ്സ് എന്നിവർ ആശംസകൾ അർപ്പിച്ചു. വായനദിന പ്രതിജ്ഞ കുട്ടികൾ ഏറ്റുചൊല്ലി. വായനാവാരത്തിൽ വിവിധ രചനാമത്സരങ്ങളും കാവ്യാലാപന മത്സരങ്ങളും സംഘടിപ്പിച്ചു.' വായനപതിപ്പ് 'തയ്യാറാക്കി.

സാഹിത്യകാരന്മാരെ ആദരിക്കൽ പുസ്തകപരിചയം,അനുസ്മരണങ്ങൾ എന്നിവ സാഹിത്യവേദിയുടെ അഭിമുഖ്യത്തിൽ നടത്തിവരുന്നു. കേരളപ്പിറവി ഗംഭീരമായി ആഘോഷിച്ചു. കേരളത്തെക്കുറിച്ചുള്ള ഗാനാലാപനം,ഭാഷാപ്രാധാന്യം വ്യകതമാക്കുന്ന കവിതാലാപനം,പ്രസംഗം എന്നിവ നടത്തുകയുണ്ടായി. അധ്യാപകർ ആശംസകൾ നേർന്നു. "നവകേരളം എന്റെ ഭാവനയിൽ"എന്ന വിഷയത്തിൽ ചിത്രരചനാ മത്സരം സംഘടിപ്പിച്ചു. വിജയികളെ സബ്ജില്ലാതല മത്സരത്തിൽ പങ്കെടുപ്പിച്ചു. വിദ്യാരംഗം കലാസാഹിത്യ വേദിയുടെ പ്രവർത്തനങ്ങൾ എച്ച്. എസ്, യു. പി വിഭാഗങ്ങളിലെ ഭാഷാധ്യാപകരുടെ പങ്കാളിത്തത്തോടെ സുഗമമായി നടന്നുവരുന്നു.

കൺവീനർ ,

ശ്രീമതി സതി എസ്.

# ജൂനിയർ റെഡ് ക്രോസ്

മനുഷ്യസ്നേഹികളായ ഉത്തമപൗരന്മാരെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച സംഘടനയാണ് ജൂനിയർ റെഡ്ക്രോസ്. ജീൻഹെൻ്റി ഡുനൻ്റ് ആണ് റെഡ്ക്രോസിൻ്റെ സ്ഥാപകൻ. "I Serve' എന്നതാണ് ജെ. ആർ.സി. യുടെ ആദർശവാക്യം. ആരോഗ്യം,സേവനം,സൌഹൃദം എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. കുട്ടികളിൽ സ്വഭാവരൂപീകരണം, ആതുരശുശ്രൂഷ, ദയ, സ്നേഹം എന്നിവ വളർത്താൻ ജെ. ആർ. സി. സഹായിക്കുന്നു.

നമ്മുടെ സ്കൂളിലെ ജെ.ആർ.സിയുടെ ചെയർമാൻ ഹെഡ്മിസ്ട്രസ്സ് ശ്രീമതി. പി. റ്റി. ശശികല ടീച്ചറും ജെ.ആർ.സി. കൗൺസിലർ ശ്രീമതി വിലോലത ടീച്ചറുമാണ്. A, B, C വിഭാഗങ്ങളിലായി 60 ജെ.ആർ.സി കേഡറ്റുകളുണ്ട്. ശൂചീകരണപ്രവർത്തനങ്ങൾ, പ്രഥമശുശ്രൂഷ, ദുരിതബാധിതരെ സഹായിക്കൽ എന്നീ കാര്യങ്ങളിൽ മാതൃകയാണ്. ക്യാൻസർ രോഗം ബാധിച്ച ഒരു കുട്ടിയുടെ ചികിത്സയ്ക്കായി 8000 രൂപ സമാഹരിച്ച് നൽകിയതും മറ്റൊരു കുട്ടിയുടെ ചെലവിനായി 2000 രൂപ നൽകിയതും കൂട്ടായ്മയുടെ വിജയമാണ്. പഠനത്തിലും അച്ചടക്കത്തിൻ്റെ കാര്യത്തിലും ജെ.ആർ.സി കേഡറ്റുകൾ മറ്റു കുട്ടികൾക്ക് മാതൃകയാണ്.

കൗൺസിലർ



ശ്രീമതി വിലോലത

# മലയാളത്തിളക്കം -2018

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ തീരുമാനപ്രകാരം സംസ്ഥാനത്തെ സ്കൂളുകളിൽ നടത്തിവന്ന ഒരു പഠനപ്രവർത്തനമാണ് മലയാളത്തിളക്കം. ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസുകളിൽ, പഠനനിലവാരം മോശമായ കുട്ടികൾക്കാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. എൽ.പി.തലം, യു.പി.തലം, എച്ച്.എസ്.തലം എന്നിങ്ങനെ മൂന്നുവിഭാഗങ്ങളിലായിട്ടാണ് മലയാളത്തിളക്കം സംഘടിപ്പിച്ചിട്ടുള്ളത്. സ്കൂളിലെ മലയാളം അധ്യാപകരോടൊപ്പം എല്ലാ വിഷയത്തിലും ഉൾപ്പെട്ട അധ്യാപകരും ഇതിൽ പങ്കാളികളാകുന്നു. ക്ലാസുകളിലെ കുട്ടികളിൽ നടത്തിയ പ്രീ-ടെസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഇതിനുള്ള കുട്ടികളെ തെരഞ്ഞെടുത്തത്.നമ്മുടെ സ്കൂളിൽ എച്ച്.എസ്.വിഭാഗത്തിൽ 28 കുട്ടികളും യു.പി.വിഭാഗത്തിൽ 25 കുട്ടികളും ഇതിൽ പങ്കാളികളായി.

തുടർച്ചയായി എട്ടുദിവസം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് കുട്ടികൾക്ക് നൽകിയത്. ICT സാധ്യതകൾ പരമാവധി ഉപയോഗിച്ചുകൊണ്ട് കുട്ടികളിൽ മറഞ്ഞുകിടക്കുന്ന കഴിവുകൾ കണ്ടെത്താൻ ഈ പ്രവർത്തനങ്ങൾക്ക് സാധിച്ചു.പുസ്തകങ്ങൾ വായിക്കാനും സർഗ്ഗാത്മക രചനകളിൽ ഏർപ്പെടുന്നതിനും വളരെയധികം സഹായിച്ചിട്ടുണ്ട്.ഈ  പ്രവർത്തനങ്ങളോടൊപ്പം രക്ഷകർത്താക്കളുടെ സംഗമവും നടത്തിയിരുന്നു. അവരിൽ നിന്ന് വളരെ അനുകൂലമായ പ്രതികരണമാണ് ലഭിച്ചത്. എട്ടുദിവസം നീണ്ട പ്രവർത്തനങ്ങൾക്കൊടുവിൽ

വിജയോത്സവം സ്കൂൾ അസംബ്ലിയിൽ നടത്തുകയുണ്ടായി. **B.R.C** യിലെ ട്രെയിനറായ ശ്രീമതി അജിതയുടെ സാന്നിധ്യത്തിലായിരുന്നു ഈ അസംബ്ലി നടന്നത്.

മലയാളത്തിളക്കത്തിലൂടെ പഠനത്തിൽ മെച്ചപ്പെടാൻ സാധിച്ച കുട്ടികളായിരുന്നു ഇതിലെ പരിപാടികളെല്ലാം അവതരിപ്പിച്ചത്. ഓരോ കുട്ടിയ്ക്കും തന്റേതായ കഴിവുകൾ ഉണ്ടെന്നും,അത് കണ്ടെത്തി പരിപോഷിപ്പിച്ചാൽ അവർക്കും സമൂഹത്തിൽ ഉയർന്ന വിദ്യാഭ്യാസം നേടാനാകുമെന്നും ഈ പ്രവർത്തനത്തിലൂടെ ബോധ്യമായി. ഈ കുട്ടികൾക്ക്,ഇത്തരം പഠനപ്രവർത്തനങ്ങൾ തുടർന്നും നൽകാനാണ് സ്കൂളിന്റെ തീരുമാനം. യു.പി.തലത്തിൽ ശ്രീ.അജയൻ സാറും ഹൈസ്കൂൾ തലത്തിൽ ശ്രീമതി.രാജലക്ഷ്മി ടീച്ചറുമാണ് നേതൃത്വം നൽകിയതെങ്കിലും സ്കൂളിലെ **H. M.** , പ്രിൻസിപ്പാൾ, മറ്റു അധ്യാപകർ പി. റ്റി. എ. പ്രതിനിധികൾ തുടങ്ങിയവർ നൽകിയ പിന്തുണയാണ് ഈ സംരംഭത്തെ വിജയത്തിലെത്തിക്കാൻ സഹായിച്ചത്.



# ഗൈഡിംഗ്- ഗവ. ഗേൾസ്. എച്ച്. എസ്. എസ്. നെയ്യാറ്റിൻകര

സ്കൗട്ട് പ്രസ്ഥാനത്തിന്റെ സ്ഥാപകനായ ബേഡൻ പൗവ്വലിന്റെ ( **BP**) സഹോദരി ആഗ്നസ് 1910-ൽ ആരംഭിച്ച പ്രസ്ഥാനമാണ് ഗൈഡിംഗ്. ത്യാഗവും സ്നേഹവും സേവനവും എന്തിനും തയ്യാറായ ഒരു മനസ്സുമാണ് ഗൈഡിന്റെ മുഖമുദ്ര. സജീവമായി പ്രവർത്തിക്കുന്ന ഒരു ട്രൂപ്പാണ് നമുക്കുള്ളത്. 25 കുട്ടികൾ ഗൈഡിൽ അംഗങ്ങളാണ്. രാജ്യപുരസ്കാർ അവാർഡിനർഹരായി ഗ്രേസ് മാർക്ക നേടിയ 157 ഓളം കുട്ടികൾ സ്കൂളിന് അകത്തും പുറത്തും ഉണ്ട്. എല്ലാ സേവനപ്രവർത്തനങ്ങൾക്കും ഗൈഡ് അംഗങ്ങൾ സജീവമായി പങ്കെടുക്കുന്നു.

**ശ്രീമതി ഗീത**



# വിവിധ ക്ലബ്ബുകൾ

# സയൻസ് ക്ലബ്ബ്

2018-19 അദ്ധ്യയനവർഷത്തിലെ സയൻസ് ക്ലബ്ബിൽ യു.പി, എച്ച്.എസ് വിഭാഗങ്ങളിൽ നിന്ന് 55 കുട്ടികളെ ക്വിസ് മത്സരം നടത്തി തിരഞ്ഞെടുത്തു.ജൂൺ 10 മുതൽ പ്രവർത്തനങ്ങൾ ആരംഭിച്ചു.സയൻസ് ക്ലബ്ബ് കൺവീനർ സബിത ടീച്ചർ മറ്റു സയൻസ് അധ്യാപകരായ മോളി ടീച്ചർ, സുജ ടീച്ചർ, സുരേഷ് സാർ,റാണി ടീച്ചർ മിനി ടീച്ചർ എന്നിവരുടെ നേതൃത്വത്തിൽ എല്ലാ തിങ്കളാഴ്ചയും സയൻസ് ക്ലബ്ബ് പ്രവർത്തിക്കുന്നു.കുട്ടികളുടെ ലീഡറായി എച്ച്.എസ് വിഭാഗത്തിൽ നിന്ന് ആർഷ പ്രസാദിനെയും യു.പി വിഭാഗത്തിൽനിന്ന് ആഷിഷ മോഹനെയം തിരഞ്ഞെടുത്തു.പരീക്ഷണങ്ങൾ, സയൻസ് ക്വിസ് എന്നിവയാണ് പ്രധാനപ്രവർത്തനങ്ങൾ.സയൻസ് ക്ലബ്ബിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചത് നമ്മുടെ സ്കൂളിലെ മുൻ അധ്യാപകനായ സുരേഷ്കുമാർ സാർ ആണ്.വൈവിദ്യമാർന്ന ഒരു ലഘുപരീക്ഷണത്തിലൂടെയാണ് ഉദ്ഘാടനം നടന്നത്.

ജൂലൈ 21 ന് ചാന്ദ്രദിനവുമായി ബന്ധപ്പെട്ട് ഒരു ക്വിസ് മത്സരം നടത്തി.വിജയികളായ ഐശ്വര്യ എസ്.ശേഖർ,ദേവനന്ദ സി.ആർ എന്നിവർക്ക് സമ്മാനം നൽകി. പോസ്റ്റർ പ്രദർശനവും സംഘടിപ്പിച്ചു.

സെപ്റ്റംബർ 16 ന് ഓസോൺ ദിനവുമായി ബന്ധപ്പെട്ട പോസ്റ്റർ രചന മത്സരം നടത്തുകയുണ്ടായി. എച്ച്.എസ്. വിഭാഗത്തിൽനിന്ന് മേഘ മോഹനും ,യു.പി വിഭാഗത്തിൽ നിന്ന് ആഷിഷ മോഹനും ഒന്നാം സ്ഥാനം കരസ്ഥമാക്കി.അസംബ്ലിയിൽ പോസ്റ്റർ പ്രദർശനം

നടത്തി.ഓസോൺ ദിനത്തിന്റെ പ്രസക്തി വെളിവാക്കുന്ന ലേഖനം സോണിയ അവതരിപ്പിച്ചു.പ്രിൻസിപ്പാൾ,സീനിയർ അസിസ്റ്റന്റ് എന്നിവർ ഓസോൺ വാതകം പുറത്തുവിടുന്ന തുളസിതൈകൾ നട്ടുപിടിപ്പിച്ചു.

സ്കൂൾതല ശാസ്ത്രമേള ഒക്ടോബർ 8 ന് നടന്നു.വിജയികളെ സബ്ജില്ല മത്സരങ്ങളിൽ പങ്കെടുപ്പിച്ചു.

## സബ്ജില്ല മത്സരങ്ങളിൽ വിജയിച്ച കുട്ടികൾ

സ്റ്റിൽ മോഡൽ -ഒന്നാംസ്ഥാനം,ഗംഗ സുരേഷ് (10 **B**),ഗൗരി കൃഷ്ണ (10**B**)

ശാസ്ത്രക്വിസ് -ഒന്നാംസ്ഥാനം,ദേവിക ബി.ആർ

ടാലന്റ് എക്സാം -ഒന്നാം സ്ഥാനം, ആർദ്ര സജീഷ്.

**C. V. Raman Essay Competition** -രണ്ടാം സ്ഥാനം,ആർഷാ പ്രസാദ്

സയൻസ് സെമിനാർ -രണ്ടാംസ്ഥാനം,ആർദ്ര സജീഷ്.

സയൻസ് ഡ്രാമാ -ഒന്നാം സ്ഥാനം ,ഗോപിക എസ്.എസ് &ടീം-10**A**(രേവതി എസ്.എസ്,അപർണ കൃഷ്ണ,അഭി എം.ആർ,അനിഷ എസ്,അലീന ബി,അഫ്സാന എസ്.എ,അഭില എസ്.ബി)

സബ്ജില്ല ശാസ്ത്രമേളയിൽ ഓവറോൾ നേടി.

ഒക്ടോബർ 9 ന് സ്പെയ്സ് വീക്കുമായി ബന്ധപ്പെട്ട് വിനോദയാത്ര സംഘടിപ്പിച്ചു. വി.എസ്.എസ്.സി, പ്ലാനറ്റോറിയം, നിയമസഭാമന്ദിരം എന്നീ സ്ഥങ്ങളിലേക്കായിരുന്നു സന്ദർശനം. വളരെ രസകരവും വിജ്ഞാനപ്രദവുമായിരുന്നു ആ യാത്രാ.

വളരെ മികവുറ്റ രീതിയിൽ എല്ലാ ആഴ്ചകളിലും ക്ലബ്ബിലെ കുട്ടികൾ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**ശ്രീമതി.സബിത**



# ഗണിത ക്ലബ്ബ്

50 വിദ്യാർത്ഥിനികളെ ഉൾപ്പെടുത്തി 2018-19 ലെ ഗണിതക്ലബ്ബിന്റെ ആദ്യയോഗം 7-6-2018 ൽ ചേർന്നു.ശൈലടീച്ചറാണ് ക്ലബ്ബ് കൺവീനർ.10 **B** യിലെ ശിൽപയെ ക്ലബ്ബ് ലീഡറായി തിരഞ്ഞെടുത്തു.14-6-2018 സ്കൂൾ അസംബ്ലയിൽ ഹെഡ്മിസ്ട്രസ് ക്ലബ്ബ് ഉദ്ഘാടനം ചെയ്തു.എല്ലാ ചൊവ്വാഴ്ചയും ഉച്ചയ്ക്ക് 1 മണി മുതൽ 1:30 വരെ ഗണിതക്ലബ്ബിന്റെ പ്രവർത്തനം നടന്നുവരുന്നു.സ്കൂൾ തലത്തിൽ ഗണിതമേള സംഘടിപ്പിച്ചു.വിജയികളെ സബ്ജില്ലാ തലത്തിൽ പങ്കെടുപ്പിച്ചു.ഗണിതക്വിസിൽ മൂന്നാം സ്ഥാനം 10 **C** യിലെ മീനാക്ഷിയും **Applied construction** ൽ 9 **D** യിലെ ശ്രുതി മൂന്നാം സ്ഥാനവും നമ്പർ ചാർട്ടിൽ 9 **D** യിലെ കാവ്യ ഒന്നാം സ്ഥാനവും കരസ്ഥമാക്കി.കാവ്യ ജില്ലാതലത്തിൽ പങ്കെടുത്തു.ഗണിതത്തിലെ മിടുക്കരായവരെ കണ്ടെത്തി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ക്ലാസ്സുകൾ കൈകാര്യം ചെയ്തു വരുന്നു.

**കൺവീനർ**



**ശ്രീമതി ശൈല**

# സോഷ്യൽ സയൻസ് ക്ലബ്ബ്

വിദ്യാർത്ഥികളിൽ സാമൂഹ്യബോധവും പൗരബോധവും വളർത്തിയെടുക്കുന്നതിനാണ് സോഷ്യൽ സയൻസ് ക്ലബ്ബ് പ്രാധാന്യം നൽകിവരുന്നത്. ദേശീയ,അന്തർദേശീയ ദിനാചരണങ്ങൾ നിലവാരത്തോടുകൂടി നടത്തുന്നു. സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ക് ദിനം എന്നിവ സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രൗഢഗംഭീരമായി ആചരിക്കുന്നു. ഹിരോഷിമ ദിനത്തോട് അനുബന്ധിച്ച് സമാധാനസന്ദേശം പ്രചരിപ്പിക്കുന്നതിനായി വെള്ളരിപ്രാവുകളെ പറപ്പിക്കുകയും രക്തസാക്ഷികളുടെ ഓർമ്മയ്ക്കായി പുഷ്പചക്രം അർപ്പിക്കുകയും ചെയ്യു. സ്കൂൾതലത്തിൽ വിപുലമായ രീതിയിൽ ചരിത്ര പ്രദർശനം സംഘടിപ്പിക്കുകയും വിജയികളെ സബ്ജില്ല,ജില്ലാതല മത്സരത്തിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നു.പ്രസംഗ കല വളർത്തിയെടുക്കുന്നതിന് പ്രസംഗമത്സരങ്ങൾ സംഘടിപ്പിച്ചും ചരിത്രരചനയിൽ ആഭിമുഖ്യം വളർത്തുന്നതിന് ചരിത്രരചന മത്സരങ്ങൾ സംഘടിപ്പിച്ചും സോഷ്യൽ സയൻസ് ക്ലബ്ബ് മുൻനിരയിൽ പ്രവർത്തിക്കുന്നു.



കൺവീനർ

ശ്രീ.പ്രകാശ് കുമാർ

# हिन्दी मंच (क्लब)

हमारे विद्यालय में हर साल की तरह इस साल भी (2018-19) हिन्दी मंच का संचलन हुआ। इस मंच में करीब तीस विद्यार्थिनियाँ भाग लिए। हिंदी अध्यापकों का पूर्ण सहयोग, उनका निस्वार्थ समर्पण मनच के समचालन में सहायक रहा। 14 सितंबर को हिन्दी मंच का औपचारिक उद्घाटन पूर्व अध्यापिका श्रीमती सुमा टीचर द्वारा हुआ। एक प्रभावी व आकर्षक हिन्दी सभा चलाए। हिन्दी मंच में हमारे प्रिन्सिपल श्री अनिल कुमार जी और प्रधान अध्यापिका शशिकला जी का पूर्ण सहयोग मिला। हर टेंम में बच्चों द्वारा अति आकर्षक रूप में स्कूल सभा होती है।रोज़ सबेरे स्कूल बोर्ड पर "आज का विचार" प्रस्तुत करते है जिसे कोई देखे बिना पढे बिना नहीं गुज़रते। हिन्दी दिवस के उपलक्ष्य में हिन्दी सप्ताह मनाया गया। हर कक्षा में हिन्दी वाचन, श्रुतलेख, शब्दकोश जैसै प्रतियोगिताएँ चलाए। इस आयोजन द्वारा बच्चों में हिन्दी के प्रति लगाव, उनकी क्षमता व अवबोध बढाने का उद्देश्य में हम सफल बने।



श्रीमति सुष्मा पुरुषोत्तमन

# സ്പോർട്ട്സ്

നേപ്പാളിൽ വച്ച നടന്ന സൗത്ത് ഏഷ്യൻ ഡ്രോപ്പ് റോ ബോൾ ചാമ്പ്യൻഷിപ്പിൽ വെള്ളിമെഡൽ നേടി നമ്മുടെ വിദ്യാലയത്തിന്റെയും ഇന്ത്യയുടെയും അഭിമാനമായി മാറിയ അവന്തിക എസ്.എം , ഗായത്രി ടി.എസ്.



# കലോത്സവം

വിദ്യാലയങ്ങൾ പഠനത്തിന്റെ മാത്രമല്ല സർഗാത്മകതയുടെ വിളനിലങ്ങൾ കൂടിയാണ് നമ്മുടെ വിദ്യാലയത്തിൽ ധാരാളം വിദ്യാർത്ഥിനികൾ കലാസാഹിത്യരംഗങ്ങളിൽ മികവ് പ്രകടിപ്പിക്കുന്നവരാണ്.എല്ലാ കലോത്സവങ്ങളിലും സബ്ജില്ല , ജില്ലാതല സംസ്ഥാനതലങ്ങളിൽ മികവുറ്റ പ്രകടനം കാഴ്ചവയ്ക്കുന്നുണ്ട്.കുട്ടികൾക്ക് വേണ്ടത്ര പരിശീലനവും നൽകിവരുന്നുണ്ട്.ഇക്കഴിഞ്ഞ സബ്ജില്ലാതല കലോത്സവത്തിൽ പങ്കെടുത്ത എല്ലാ ഇനങ്ങളിലും ഒന്നാമതെത്താൻ കഴിഞ്ഞുവെന്നത് അഭിമാനകരമാണ്.എച്ച്.എസ് വിഭാഗം ചിത്രരചന, ശാസ്ത്രീയസംഗീത,ഭരതനാട്യം,കഥകളിസംഗീതം, ലളിതഗാനം, പദ്യപാരായണം, മാപ്പിളപ്പാട്ട്, ഗിത്താർ, ദേശഭക്തിഗാനം,വഞ്ചിപ്പാട്ട് എച്ച്.എസ്.എസ് വിഭാഗം കളകളിസംഗീതം, തബല, പ്രസംഗം, ഉപന്യാസം, കവിതാരചന, ഇംഗ്ലീഷ് പദ്യംചൊല്ലൽ, കന്നട പദ്യംചൊല്ലൽ, മൂകാഭിനയം എന്നീ ഇനങ്ങളിലാണ് ഒന്നാം സ്ഥാനം ലഭിച്ചത്. ജില്ലാതലത്തിലും മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

**കൺവീനർ**



**ശ്രീ എ. സുദേവൻ**

# ഹരിതോത്സവം

ഹരിതകേരളമിഷനും പൊതുവിദ്യാഭ്യാസ വകുപ്പും ചേർന്ന് സംസ്ഥാനത്തെ പൊ തുവിദ്യാലയങ്ങളിൽ നടപ്പാക്കുന്ന പരിപാടിയാണ് ഹരിതോത്സവം 2018.ഇതിന്റെ ഭാഗമായി സ്കൂളുകളിൽ പ്രത്യേക അസംബ്ലി നടത്തുകയും,അധ്യാപകരും കുട്ടികളും ഒത്തുചേർന്ന് ശുചിത്വപ്രതിജ്ഞ എടുക്കുകയും ചെയ്തു.തുടർ പ്രവർത്തനമായി,ശുചീകരണത്തിന്റെ പ്രാധാന്യവും,മാലിന്യം ഉറവിടത്തിൽ തന്നെ വേർതിരിച്ച് പുന:ചംക്രമണത്തിന് കൈമാറേണ്ടതിന്റെ പ്രാധാന്യവും മനസ്സിലാക്കുന്നതിനാവശ്യമായ ബോധവത്കരണ ക്ലാസ്സ് നടത്തി .സ്കൂൾ പരിസരങ്ങളിൽ മാലിന്യം കാണപ്പെട്ട സ്ഥലങ്ങൾ വൃത്തിയാക്കുകയും,മാലിന്യങ്ങളെ ജൈവമാലിന്യം ,അജൈവമാലിന്യം എന്നിങ്ങനെ തരംതിരിച്ച് നശിപ്പിക്കുകയും ചെയ്തു.സ്കൂളിലും പരിസരത്തിലും പ്ലാസ്റ്റിക്ക് ഉപയോഗം പൂർണ്ണമായും ഒഴിവാക്കാൻ വേണ്ട നടപടികളും ഇതോടനുബന്ധിച്ച് നടത്തുന്നുണ്ട്.

# വിജ്ഞാനമാണ് ശക്തി

വിദ്യാലയത്തിൽ നിന്ന് ലഭിക്കുന്നതോ അല്ലാതെയോ ഉള്ള വിജ്ഞാനമാണ് മനുഷ്യന്റെ ഏറ്റവും വലിയ ശക്തി.ശക്തിക്കും അധികാരത്തിനും വേണ്ടി ആഗ്രഹിക്കാത്ത ആരുമില്ല.അറിവില്ലാത്ത ഒരാളിനേക്കാൾഅറിവുനേടിയ ഒരാൾക്ക് മന:ശക്തിയും അധികാരബോധവും ഉണ്ടായിരിക്കും.മറ്റു ജീവികളിൽ നിന്ന് മനുഷ്യനെ വേർതിരിക്കുന്ന പ്രത്യേകത ജന്മനാ ചിന്തിക്കാൻ കഴിവുള്ളതുകൊണ്ടാണ്.ഈ വ്യത്യാസമാണ് അറിവുള്ളവനും അറിവില്ലാത്തവനും തമ്മിലുള്ളത്.ഈശ്വരസൃഷ്ടിയിൽ നാം സമന്മാരാണ്.

ആദ്യകാലത്ത് ശരീരശക്തികൊണ്ടാണ് അധികാരം സ്ഥാപിച്ചത്.എന്നാൽ ഇന്ന്   ബുദ്ധിശക്തികൊണ്ട് മനുഷ്യൻ അധികാരം നേടിയെടുക്കുന്നു. അതിനുദാഹരണമാണ് തീയുടെ കണ്ടുപിടിത്തം .ബുദ്ധിശക്തി പ്രയോഗിക്കുവാൻ തുടങ്ങിയതിലൂടെ മഹത്തായ ആശയങ്ങളും ചിന്തകളും സൃഷ്ടിക്കപ്പെട്ടു. ഇന്ന് വിജ്ഞാനം വ്യാപിക്കാത്തരാജ്യങ്ങളിൽ അതു കൊണ്ടു തന്നെ വിജ്ഞാനത്തിനായി മനുഷ്യൻ വിദ്യാലയം പോലുള്ള സ്ഥാപനങ്ങളെ ആശ്രയിക്കുന്നു. പണംകൊണ്ട് എല്ലാറ്റിനേയും കീഴടക്കാം .എന്നാൽ പണംകൊണ്ട് വിജ്ഞാനം നേടുവാൻ കഴിയില്ല.വിജ്ഞാനം ഈശ്വരന്റെ പക്കലുണ്ട് അത് കരസ്ഥമാക്കുന്നവരാണ് ലോകത്തിലെ ഉന്നതൻ .ഏതുനിലയ്ക്കുള്ള വിജ്ഞാനവും നമുക്ക് ശക്തി നൽകുന്നു.അതുകൊണ്ടുതന്നെ വിജ്ഞാനം തന്നെയാണ് ഏറ്റവും വലിയ ശക്തി.

ക്രിസ്റ്റുപ്രിയ എസ്.അനിൽ.

ക്ലാസ്: 10 ഡി



# മറക്കാനാവാത്ത യാത്ര

എന്റെ പത്താം ക്ലാസിലെ വിനോദയാത്രയെക്കുറിച്ചാണ് ഞാനിവിടെ പങ്കുവയ്ക്കുന്നത്. ഒക്ടോബർ 10-ാം തീയതി വൈകുന്നേരം അഞ്ചുമണിയോടെ ഞങ്ങൾ യാത്ര തിരിച്ചു. പാട്ടിന്റെയും നൃത്തത്തിന്റെയും അകമ്പടിയോടുകൂടിയ യാത്ര അതിരസകരമായിരുന്നു. ഒരു പെട്രോൾ പമ്പിനു സമീപത്തിരുന്ന് ഞങ്ങൾ രാത്രി ഭക്ഷണംകഴിച്ചു.ബസ്സിലിരുന്ന് ഞങ്ങളും അധ്യാപകരും അന്താക്ഷരി കളിച്ചു.വളരെ ആവേശം നിറഞ്ഞതായിരുന്നു ആ കളി.പാതി രാത്രിയായപ്പോൾ ബസ്സിൽ ഒരു സിനിമയിട്ടു.അതു കണ്ട് ഞങ്ങൾ ഉറങ്ങി.ഊട്ടിയിലേക്കാണ് ഞങ്ങൾക്ക് ആദ്യം പോകേണ്ടത്.വെളുപ്പിന് എപ്പോഴോ ഞാൻ ഞെട്ടിയുണർന്നു.അപ്പോഴേക്കും ബസ്സ് ഊട്ടിയിലേക്കുള്ള ഹിൽ സ്റ്റേഷൻ കയറാൻ തുടങ്ങിയിരുന്നു.എന്റെ കൂട്ടുകാരി അരോമയ്ക്ക് ഹിൽ സ്റ്റേഷൻ കയറുന്നത് കാണണമെന്ന് പറഞ്ഞിരുന്നു.അതുകൊണ്ട് ഞാനവളെ വിളിച്ചുണർത്തി.അങ്ങനെ ഞങ്ങൾ രണ്ടുപേരും പുറത്തേക്ക് നോക്കിയിരുന്നു.ജനലിന്റെ ചില്ലുകൾ തുറന്നതുകൊണ്ട് വളരെ ശക്തിയായി തണുത്ത കാറ്റ് അകത്തേക്ക് വീശുന്നുണ്ടായിരുന്നു.രാവിലെ ഏഴുമണിയോടെ ഞങ്ങൾ ഊട്ടിയിലെത്തി.റോയൽ സാൻഡ് എന്ന ഹോട്ടലിലായിരുന്നു ഞങ്ങളുടെ താമസം.അന്നു തന്നെ ഞങ്ങൾക്ക് സ്ഥലങ്ങൾ കാണാൻ പോകേണ്ടതിനാൽ പെട്ടെന്ന്, സ്ഥലങ്ങൾ കാണുവാനായി ഞങ്ങൾ തയ്യാറായി.പ്രഭാതഭക്ഷണത്തിന് ശേഷം ഞങ്ങൾ ബസ്സിൽ കയറി.ആദ്യം പോയത് ഊട്ടിയിലെ പ്രശസ്തമായ ഒരു തേയില ഫാക്ടറിയിലേക്കായിരുന്നു.അവിടെവച്ച് തേയിലയുടെ ഉത്പാദനത്തെക്കുറിച്ച് ഞങ്ങൾ മനസ്സിലാക്കി.ചെറിയ തോതിൽ ഞങ്ങൾ കുട്ടികളും അധ്യാപകരും അവിടെ ഒരു ഷോപ്പിങ് നടത്തി മടങ്ങി. ഞങ്ങൾ അടുത്തതായി ഊട്ടിയിലുള്ള തടാകം കാണുവാനായി പോയി.അവിടെ നിന്നും കുറേ സാധനങ്ങൾ ഞങ്ങൾ വാങ്ങി.അവിടെ നിന്ന് ഞങ്ങൾപോയത് ഊട്ടിയിലെ പ്രശസ്തമായ റോസ് ഗാർഡനിലേക്കാണ്.അതിമനോഹരമായ പനിനീർപ്പൂക്കളുടെ ഒരു വൻശേഖരം തന്നെ അവിടെയുണ്ടായിരുന്നു.പല നിറത്തിലും വലിപ്പത്തിലും ഉള്ള പനിനീർപ്പൂക്കൾ വളരെ ആകർഷണീയം ആയിരുന്നു.അവിടെനിന്ന് ഞങ്ങൾ തിരിച്ച് ഹോട്ടലിലെത്തി.ഉച്ചഭക്ഷണം കഴിഞ്ഞ് കുറച്ചു വിശ്രമിച്ച

ശേഷം ഞങ്ങൾ വീണ്ടും യാത്ര തിരിച്ചു.അടുത്തതായി ഞങ്ങൾ പോയത് ഊട്ടിയിലെ പ്രശസ്തമായ മറ്റൊരു ഗാർഡനിലേക്കാണ്.അവിടവും അതിമനോഹരമായിരുന്നു.നീണ്ടുനിവർന്നു കിടക്കുന്ന പുൽമേടുകളിൽ ഉയർന്ന് നിൽക്കുന്ന വൻവൃക്ഷങ്ങൾ,കൊച്ചു കൊച്ചു പൂച്ചെടികൾ എന്നിവകൊണ്ട് നിറഞ്ഞതായിരുന്നു ആ പ്രദേശം.അവിടെവെച്ച് അധ്യാപകരും കുട്ടികളും ചേർന്ന് ഒരുപാട് കളികൾ കളിച്ചു.പോരുന്നതിന് മുമ്പായി ഒരു ഗ്രൂപ്പ് ഫോട്ടോയും എടുത്തു.തിരിച്ച് ഹോട്ടലിൽ എത്തിയപ്പോൾ അവിടെ 'ക്യാമ്പ് ഫയർ'  ഉണ്ടായിരുന്നു.വളരെ രസകരമായിരുന്നു ആ അനുഭവം.പിറ്റേ ദിവസം ഞങ്ങൾക്ക് മേട്ടുപാളയം എന്ന സ്ഥലത്തുള്ള 'ബ്ലാക്ക് തണ്ടർ' എന്ന അമ്യൂസ്മെന്റ് പാർക്കാലായിരുന്നു പോകേണ്ടിയിരുന്നത്.അവിടേക്ക് രാവിലെ ഞങ്ങൾ യാത്ര തിരിച്ചു.പോകുന്ന വഴിയിലെല്ലാം വളരെയേറെ കുരങ്ങന്മാരെ കണ്ടു.ബ്ലാക്ക് തണ്ടറിൽ ചെന്ന അനുഭവം വളരെ രസകരവും ആവേശഭരിതരും ആയിരുന്നു.ഡ്രൈ റൈഡുകളിലും വാട്ടർ റൈഡുകളിലും ഞങ്ങൾ ഓരോരുത്തരും മത്സരിച്ചു കയറി.വളരെ രസകരവും, ഒരിക്കലും മറക്കാത്തതും, തിരിച്ചുകിട്ടാത്തതുമായ നാളുകളായിരുന്നു അവ. ഈ ഒറ്റ യാത്രയിലൂടെ എനിക്കുണ്ടായിരുന്ന കുറേ പേടികളൊക്കെ മാറിക്കിട്ടി.തിരിച്ച് 13-ാം തീയതി രാവിലെ അഞ്ചുമണിയോടെ ഞങ്ങൾ നെയ്യാറ്റിൻകരയിൽ തിരിച്ചെത്തി.ഇപ്പോഴും ആ യാത്രയുടെ ഓർമ്മകൾ എന്റെ മനസ്സിൽ മായാതെ നിൽക്കുന്നു.

**അനഘനന്ദ.പി.ആർ**

**ക്ലാസ് :10 B**



# കടങ്കഥകൾ




1. ഇത്തിരിമുറ്റത്ത് അഞ്ചുകാവൽക്കാർ
2. ഇരുട്ടുപുരയിൽ കുട്ടിയാന
3. ഉരുട്ടാം പിരട്ടാം എടുക്കാൻ പറ്റില്ല
4. എട്ടെല്ലെൻ കുട്ടപ്പനൊറ്റക്കാലൻ
5. അടിക്കാത്ത മുറ്റമേത്
6. അടിപാറ,നടുവടി,മീതെക്കുട
7. കൊണ്ടുപോകാൻ സാധിക്കില്ല
8. അലറും വായില്ല
9. കണ്ടാൽ തീവണ്ടി, തൊട്ടാൽ ചക്രം
10. കടകത്തിച്ചു, തലകുത്തിച്ചു
11. കയ്യിൽ കയറി മെയ്യിൽ ഒളിച്ചു
12. കറിക്കു മുമ്പൻ ഇലയ്ക്കു പിമ്പൻ
13. കാ കറുപ്പും മൂക്കാ ചോപ്പും
14. ചത്താലേ മിണ്ടുള്ളൂ ചങ്കുച്ചാര്
15. ചുവന്നവൻ പിന്നെ കറുത്തവനാകും
16. വെള്ളം കുടിച്ചാൽ ചത്തുപോകും
17. എത്ര കത്തിയാലും അണയാത്ത വിളക്ക്

സുജിന എസ്.

8 B



**ഉത്തരങ്ങൾ**

1.കൈവിരൽ 2.പത്തായം 3.കണ്ണ് 4.കുട 5.ആകാശം 6.ചേന 7.കിണർ 8.മേഘം 9.തേരട്ട 10.നെല്ല് 11.ചോറുരുള 12.കറിവേപ്പില 13.കുന്നിക്കുരു 14.ശംഖ് 15.മൺകലം 16.തീ 17.സൂര്യൻ

# ആ "ചാരം" കവിത

ശ്രീമതി സതി എസ്:



നീ  ആചാരത്തീയിൽ ചാരമായവൾ
നിനക്കായ് ശബ്ദിക്കാനൊരാചാര്യനുമില്ല
ജന്മപുണ്യമായ ആദ്യാർത്തവം
പേക്കിനാവുകൾ മാത്രം നൽകി
ബാല്യം മാറാത്ത പ്രായത്തിൽ
ആചാരക്കുടിലിൽ ഏകയാക്കി
നിൻറെ നിലവിളി ആചാരലംഘനമായി
മോഹങ്ങളും സ്വപ്നങ്ങളും
തകർന്നടിഞ്ഞു .അല്ല ,തകർത്തു
കരൾപിളർക്കുന്ന തേങ്ങലിൽ
മനമലിഞ്ഞത് ഗജ 'യ്ക്ക്' മാത്രം
ആചാരങ്ങളനുഷ്ഠിച്ച സ്രഷ്ടാക്കൾ
'മര്യാദപുരുഷനും'കുലസ്ത്രീയുമായി'വാഴട്ടെ !
നീ 'വിജയ' ആചാരമെന്ന ഓമനപ്പേരിലെ
അനാചാരത്തെ ജയിച്ചവൾ .
കാലം നിനക്ക് മുന്നിൽ തലകുനിയ്ക്കട്ടെ!
കാറ്റായും മഴയായും ഈശ്വരൻ വന്നിട്ടും
മനുഷ്യൻറെ കണ്ണെന്തേ തുറന്നില്ല?
ഇനിയെത്ര പേമാരിയും എത്ര കൊടുംകാറ്റും
എത്രപ്രളയവും വേണ്ടിവരും
മനുഷ്യാ നീ നേരായും നെറിയായും മാറാൻ
മകളെ ഈ ചാരത്തിൽനിന്നൊരു
നിലാപ്പക്ഷിയായ് ഉയിർത്തെഴുന്നേൽക്കുക
തിമിരംബാധിച്ച ഗതികെട്ട ഉലകത്തിൽ
വെളിച്ചം പകരുന്ന വിളക്കായി മാറുക.

# സ്ത്രീജന്മം പുണ്യജന്മം

ഒരു കൊച്ചു ഗ്രാമം.അവിടെ ഒരു വീട്ടിൽ അമ്മയും അച്ഛനും അവരുടെ മകളും മകനും ഉണ്ടായിരുന്നു.മകളുടെ പേര് ആര്യ എന്നും മകന്റെ പേര് വിഷ്ണു എന്നുമായിരുന്നു.ആര്യയുടെ ജേഷ്ഠനായിരുന്നു വിഷ്ണു. ആര്യ 5-ലും വിഷ്ണു 10-ലും ആയിരുന്നു പഠിച്ചിരുന്നത്.

ഒരു സുപ്രഭാതത്തിൽ അവർ വലുതായി.അച്ഛൻ ഒരു കാർ അപകടത്തിൽ മരിച്ചു. അതോടെ ആ കൊച്ചുവീട്ടിലെ സന്തോഷം നഷ്ടപ്പെട്ടു. കഠിനദാരിദ്ര്യം. ആര്യയുടെ കല്ല്യാണം കഴിഞ്ഞു.ആര്യയ്ക്ക് ആ വിടുവിട്ടു പോവേണ്ടിവന്നു. വിഷ്ണുവിന് ജോലിയുമില്ലായിരുന്നു.എന്നിട്ടും അവന്റെ കല്ല്യാണം കഴിഞ്ഞു.വിഷ്ണുവിന്റെ ഭാര്യയുടെ പേര് അനന്യയെന്നായിരുന്നു.ആ (സ്ത്രീ ഒരു അഹങ്കാരിയായിരൂന്നൂ.വിഷ്ണുവിന്റെ അമ്മയെ ഒട്ടും തന്നെ ഇഷ്ടമല്ല.വിഷ്ണുവിന് ജോലി ഇല്ലാത്തതിനാൽ,അമ്മ ഒരു വീട്ടിൽ ജോലിക്കുപോയി.അവിടുന്നു കിട്ടിയ തുച്ഛമായ വരുമാനംകൊണ്ട് വീട്ടിലെ ചെലവുകൾ ആ അമ്മ ഒതുക്കി.അവർ ഒരിക്കലും അമ്മയുടെ കഷ്ടപ്പാടിനെക്കുറിച്ച് ആലോചിച്ചിരുന്നില്ല. .വിഷ്ണുവിന് വൈെത്യകാതെ ഒരു ജോലി കിട്ടി.അനന്യയുടെ നിർബന്ധപ്രകാരംവിഷണുവും അനന്യയും വീടുമാറി.അമ്മയുടെ മനസ്സിലേറ്റ ഏറ്റവും വലിയ മുറിവ് അതായിരുന്നു.അമ്മ ആ കൊച്ചു വീട്ടിൽ ഒറ്റയ്ക്കായി.എങ്കിലും വിഷ്ണു ചിന്തിച്ചു "ഇത്രയും കാലം അമ്മയാണ് വീട്ടിലെ ചെലവുകൾ നോക്കിയത്,ഇനി ഞാൻ ഈ പണി എടുക്കിന്നത് എത്ര കഠിനമാണ്.അമ്മയെ വിട്ടു വരണ്ടായിരുന്നു.അമ്മയ്ക്ക് സങ്കടമായി കാണും."അവൻ അപ്പോൾ തിരിച്ചറിഞ്ഞു എത്ര കഠിനമാണ് ജോലി എടുക്കുന്നതെന്ന്.ഇതിനിടയിൽ അസുഖം ബാധിച്ച് അമ്മ മരിച്ചു. ഇത് വിഷ്ണുവിന് താങ്ങാനായില്ല.അവൻ ആലോചിച്ചു "എന്റമ്മയ്ക്ക് മരിക്കുന്നതിനുമുമ്പ് ഞാൻ ഒരു സന്തോഷവുംനൽകിയില്ല.പാവം ഞാൻ അമ്മയെവിട്ടു പിരിഞ്ഞപ്പോൾ അമ്മ എന്തു മാത്രം വിഷമിച്ചുകാണും. എന്തുമാത്രം ഞാൻ ദ്രോഹിച്ചു.ഇനി ഖേദിച്ചിട്ടെന്തുകാര്യം. മരിക്കുന്നതിനുമുമ്പ് ഞാൻ അമ്മയെ ഒരു

നോക്കു പോലും കണ്ടില്ല.”വിഷ്ണുവിന് അപ്പോഴാണ് അമ്മയുടെ സ്നേഹവും വാത്സല്യവും മനസ്സിലായത്.ഗുണപാഠം:പത്തുമാസം നൊന്തുപ്രസവിച്ചതാണ് അമ്മ.അമ്മയാണ് ദൈവം,അമ്മയാണ് എല്ലാം.അത് ആരും മറക്കരുത്. അമ്മ കഴിഞ്ഞേ ഈ ലോകത്ത് മറ്റെന്തിനും സ്ഥാനമുള്ളൂ.മാതാ,പിതാ,ഗുരു,ദൈവം.അമ്മ കഴിഞ്ഞേ മറ്റെന്തും നമ്മുടെ മനസ്സുകളിൽ കാണാവൂ. അമ്മയാണ് ദൈവം.അമ്മ ,അത് ഒരു കെടാവിളക്കാണ്.സ്ത്രീജന്മം പുണ്യജന്മം.

അഞ്ജനകൃഷ്ണ എം.

# രസതന്ത്രം

കവിത



പ്രേമലത എസ്.ആർ.

പാചകവാതകത്തിന്റെ
അതിസൂക്ഷ്മകണങ്ങൾ
ശ്വാസകോശത്തിന്റെ
നേർത്ത രക്തകണങ്ങളിൽ
പടരുമ്പോഴിയിരിക്കും
ചിലപ്പോൾ കവിത
വന്ന് തുളുമ്പുക.
വെളുത്ത പേപ്പർ തുണ്ടുകളിൽ
കുനുകുനെ
പടർന്ന അക്ഷരങ്ങളെക്കാൾ
ശ്വാസം മുട്ടി മരിച്ചതെത്രയോ
കാവ്യബിംബങ്ങൾ.
പൊരിച്ച
പൊട്ടിത്തെറികൾ
ചായം തേച്ച ചുമരിൽ
രേഖാചിത്രം വരയ്ക്കുമ്പോൾ
ഹൃദയം ആശങ്കകൾ കൊണ്ട് നിറയും.
ചുവന്നുള്ളി ചീരയിൽ
ചുംബിക്കുമ്പോൾ
ചുവപ്പൻ
പ്രണയവിപ്ലവങ്ങൾ

അവളുടെ കണ്ണുകൾനിറയിക്കും.
പാചകപാത്രത്തിന്റെ
നനുത്ത നീരാവി
പുകഞ്ഞു പുറത്ത്
ചാടുമ്പോൾ
കോടമഞ്ഞിന്റെ
താഴ് വരയിലൂടെ
അവൾ പറന്നുനടക്കുകയാവാം.
ചൂല് കൊണ്ട് തൂത്ത് വാരിക്കളയുന്ന
കാവ്യബിംബങ്ങൾ അവളെ നോക്കി
പരിഹസിക്കാറുണ്ട്.
ചപ്പുചവറുകൾകൊണ്ട്
വീർപ്പുമുട്ടിയ ഭൂമി
ഹർഷോന്മാദംപൊഴിക്കുമ്പോൾ
അവളെങ്ങനെ തടയും?
ലോഷനും
ബ്ലീച്ചിംഗ് പൗഡറും
സമയജീവാണുക്കളെ
നിഷ്ഠുരുണം
കൊന്നൊടുക്കുമ്പോൾ
പാടുവതെങ്ങിനെ?
അടച്ചുവച്ച ശീതികരണിയിൽ
അവൾ കവിതയെ
സൂക്ഷിക്കാനേൽപ്പിക്കുന്നു.
പിന്നെ എടുക്കാമെനന്
വ്യാമോഹത്തോടെ.
പക്ഷേ അവ തണുത്തുറഞ്ഞ്
ജീവാണുക്കളും നശിച്ച്
അവളെ നോക്കി പല്ലിളിക്കുന്നു.

# തുള്ളൽപാട്ട്

ശബരിമലയിൽ നാരികൾക്ക്
പ്രവേശനമേകി സുപ്രീംകോടതി(2)
ദേശമെങ്ങും തീപ്പൊരി വിതറി
കോടതിവിധിയോ തെരുവിലുമായി
ചാനലുകാരാ വിധിയെതന്നെ
ആഘോഷിക്കാൻ മത്സരമായി (2)
അപ്പാ ജയ ജയ (2)
അയ്യപ്പാ ജയ ജയ (2)
വിണ്ണും മണ്ണും തിരിച്ചറിയാത്ത
നരന്മാർക്കോ അത് ഉത്സവമായി (2)
നാരികളോ ഇതുകേട്ടയുടനെ
ഇരുപക്ഷത്തായി ചേരി തിരിഞ്ഞു (2)
അപ്പോഴേക്കും സോഷ്യൽ മീഡിയ
ട്രോളുകൾകൊണ്ടു നിറയ്ക്കുകയായി (2)
അപ്പാ ജയ... (2)
ഒന്നാം പക്ഷം 50-10 നിടയിൽത്തന്നെ
രണ്ടാം പക്ഷം എല്ലാ സ്ത്രീകളും
മലയിൽ കയറണമെന്നേ തന്നെ (2)
പിന്നൊരു പക്ഷം ചൂണ്ടിക്കാട്ടി
തിരക്കുള്ളിടത്ത് സ്ത്രീകൾ വേണ്ട (2)
ഇതിനെ തുടർന്ന് ചാനലുകളിൽ

അടിയും വഴക്കും നിരന്തരമായി (2)
മലയിൽ കയറി പ്രശസ്തയാകാൻ
യുവനാരികളും മുന്നേയെത്തി (2)
ഇസ്ലാമില്ല ക്രൈസ്തവമില്ല
എന്തായാലും പോയേ തീരൂ
മലകയറാനായ് വന്നവർക്കോ
പോലീസ് ഒന്നായി കാവൽ നൽകി (2)
അപ്പാ... (2)
മലകയറുമ്പോൾ ഏറേൽക്കാതെ
ഏമാന്മാരുടെ വസ്ത്രമണിഞ്ഞു (2)
ലക്ഷ്യം കാണാൻ ആഗ്രഹിച്ചവർ
ലക്ഷ്യം കാണാതങ്ങനെ തിരിച്ചിറങ്ങി
പ്രതിഷേധവും നാമവുമായി
പല പുരുഷന്മാർ രംഗത്തെത്തി (2)
അപ്പാ... (2)
അങ്ങനെ ഇങ്ങനെ സ്ത്രീപ്രവേശനം
അങ്ങുമിങ്ങും എത്താതായി.

അലീന സുനിൽ
ക്ലാസ്സ് :എട്ട് സി



# പ്രകൃതി

ഞാനും അച്ഛനും അമ്മയും അനുജനും കൂടി കന്യാകുമാരിയിലേക്കു പോയി.സുന്ദരമായ തണുപ്പിൽ കുളിരോടെയാണ് ഞങ്ങൾ പോയത്.നല്ല ഭംഗിയുള്ള പാടങ്ങൾ,നദികൾ എന്നിങ്ങനെ പലതും ഞങ്ങൾ കണ്ടു.ഞങ്ങൾ രാവിലെയാണ് പോയത്.ട്രെയിനിലായിരുന്നു യാത്ര.എനിക്കത് വളരെയധികം ഇഷ്ടമായി.ഞാൻ ജനാലയുടെ അരികിലായിരുന്നു ഇരുന്നത്.അങ്ങനെ ഉച്ചയായപ്പോഴേക്കും ഞങ്ങൾ അവിടെയെത്തി.നല്ല ചൂടുള്ള മണലായിരുന്നു.കാലുകളിൽ നന്നായി ചൂട് അനുഭവപ്പെട്ടു.എനിക്ക് തിരകളെ വളരെയധികം പേടിയാണ്.അതുകൊണ്ട് ഞാൻ കൂടുതൽ താഴേക്കിറങ്ങിയില്ല. കാറ്റിനൊപ്പമാണ് തിരകൾ കൂടുന്നതെന്ന് എനിക്ക് മനസ്സിലായി. ഞങ്ങൾ ഒരു കുപ്പിയിൽ കടൽവെള്ളം എടുത്തു. പിന്നെ ശംഖും ഒരുപാടെടുത്തു.ആ അനുഭവം എന്റെ മനസ്സിൽ സന്തോഷമുണർത്തി.ഞങ്ങൾ അസ്തമയവും കണ്ടിട്ടാണ് പിറ്റേ ദിവസം തിരിച്ചെത്തിയത്.എനിക്ക് വരാൻ തീരെ മനസ്സില്ലായിരുന്നു. അന്നാണ് ഞാൻ പ്രകൃതിയെ ഏറെ മനസ്സിലാക്കിയത്. അവിടെ നല്ല കാറ്റുണ്ടായിരുന്നു.ഞാൻ നല്ലതുപോലെ ആസ്വദിച്ചു.പിന്നെ ഞങ്ങൾ ഐസ്ക്രീം കുടിച്ചു.നല്ല സ്വാദുണ്ടായിരുന്നു ഐസ്ക്രീമിന്.പിന്നെ ചോളവും കഴിച്ചു.ആ യാത്ര എന്റെ മനസ്സിൽ മായാതെ കിടക്കും.

അഭിരാമി എ.

ക്ലാസ്: എട്ട് ബി



# ക്വിസ്

1, നിയമന കുംഭകോണവുമായി ബന്ധപ്പെട്ട് വാർത്താ പ്രാധാന്യം നേടിയ മധ്യപ്രദേശിലെ പ്രൊഫഷണൽ എക്സാമിനേഷൻ ബോർഡായ 'വ്യാപ'ത്തിന്റെ പൂർണ്ണരൂപം?

വ്യാവസായിക പരീക്ഷാമണ്ഡൽ

2,മഹാഭാരതം രചിച്ചതാര്?

വേദവ്യാസൻ

3,ഏറ്റവുമധികം തവണ ബഹിരാകാശത്ത് നടന്ന വനിത?

സുനിതാവില്യംസ് (7)

4,ബ്രിക്സ് വികസന ബാങ്കിന്റെ ചെയർമാൻ ?

കെ. വി .കാമത്ത്

5,ഏകദിന ക്രിക്കറ്റിൽ 100 ജയങ്ങൾ സ്വന്തമാക്കിയ ആദ്യ ഇന്ത്യൻ ക്യാപ്റ്റൻ?

മഹേന്ദ്രസിംഗ്.ധോണി

6, ആന്ധ്രപ്രദേശിന്റെ പുതുതായി രൂപംകൊള്ളുന്ന തലസ്ഥാനം?

അമരാവതി.

7,കെ.ആർ.ഗൗരിയമ്മയുടെ ആത്മകഥ?

മധുരിക്കും ഓർമ്മകൾ

8,ആദ്യത്തെ രാഷ്ട്രീയ നാടകം?

പാട്ടബാക്കി(കെ.ദാമോദരൻ)

9,കേരളത്തിൽ ഗവർണറായിരിക്കെ അന്തരിച്ച വ്യക്തി?

സിക്കന്ദർ ഭക്ത്

10,ആദികാവ്യം എന്ന് വിശേഷിക്കപ്പെടുന്നത് ഏതു കൃതിയാണ് ?

രാമായണം

11,ഒരു ഹൃദയസ്പന്ദനത്തിന്റെ സമയം എത്ര?

0.85 സെക്കന്റ്

12,സച്ചിൻ ടെണ്ടുൽക്കർ ഏകദിനത്തിൽനിന്ന് വിരമിച്ചതെന്ന് ?

2012 ഡിസംബർ 23

13,നിയമസംഘനപ്രസ്ഥാനത്തിന് തുടക്കം കുറിച്ച സത്യാഗ്രഹം?

ഉപ്പുസത്യാഗ്രഹം.

14,ലോകപുസ്തകദിനം എന്നാണ് ?

ഏപ്രിൽ 23

15,'ആം ആദ്മി'പാർട്ടിയുടെ സ്ഥാപകൻ?

അരവിന്ദ് കെജരിവാൾ

ഐശ്വര്യ എസ്. വി.

ക്ലാസ്സ് :8 D



# പ്രകൃതി നൽകിയ പാഠം

"നാം പ്രകൃതിയോട് ക്രൂരത കാണിച്ചാൽ , പ്രകൃതി നമ്മോടും ക്രൂരത കാണിക്കും" എന്ന ഗുണപാഠമാണ് ഈ കഥ നമുക്ക് നൽകുന്നത് .

ഒരിടത്തോരു ഗ്രാമത്തിൽ ലക്ഷമി എന്ന ഒരു പെൺകുട്ടിയും അവളുടെ കുടുബവും താമസിച്ചിരുന്നു. അച്ഛനും അമ്മയും അനിയനും അപ്പുപ്പനും അടങ്ങുന്ന ഒരു ചെറിയ കുടുബമായിരുന്നു അവളുടേത്. ലക്ഷമി ഒരു അഞ്ചാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ്. അവളുടെ അച്ഛന് ഗ്രാമത്തിന് അപ്പുറമുള്ള ഒരു ഫാഗ്ക്ട്രിയിലായിരുന്നു ജോലി. അങ്ങനെയിരിക്കെ ഫാക്ടറി മുതലാളി  ലക്ഷമിയുടെ അച്ഛനോട്, ഗ്രാമത്തിൽ ഒരു ഫാഗ്ക്ട്രി വന്നാൽ ഗ്രാമവാസികൾക്ക് എല്ലാവർക്കും ജോലി കൊടുക്കാമെന്ന് പറഞ്ഞു.അതിനായ് അവിടെയുള്ള മരങ്ങളൊക്കെ വെട്ടമെന്നും നിർദേശിച്ചു.അദ്ദേഹം ആദ്യമൊക്കെ വിസമ്മതം മൂളിയെങ്കിലും പിന്നെ സമ്മതിച്ചു.അദ്ദേഹം ഗ്രാമവാസികളോട് ഇക്കാര്യം അറിയിച്ചു,അവരാരും യാതൊരു എതിർപ്പും ഇല്ലാതെ ഈ ക്രൂരതയ്ക്ക് കൂട്ടുനിന്നു.എല്ലാവരും ഇക്കാര്യം സമ്മതിച്ചെങ്കിലും,ലക്ഷ്മിയും അനളുടെ അപ്പൂപ്പനും ഇതിനെ എതിർത്തു.പക്ഷേ,അവരുടെ വാക്ക് ആരു കേട്ടില്ല.അങ്ങനെ പതിയെ പതിയെ അവിടെയൊരു

ഫാക്ടറി രൂപികരിക്കപ്പെട്ടു. അങ്ങനെ കാലം കഴിയും തോറും ഫാക്ടറിയിലെ മാലിന്യം കൊണ്ട് പുഴ നിറഞ്ഞു. അങ്ങനെ അത് വളരെ മാലിന്യവും,ഉപയോഗ ശൂന്യവും ആയി തീർന്നു.അവിടെയുള്ള മരങ്ങളെല്ലാം വെട്ടിനശിപ്പിച്ചതിനാൽ അവർക്ക് തണൽ പോലും നിഷേധിക്കപ്പെട്ടു. വെള്ളത്തിനുള്ള ആകെ ആശ്രയമായിരുന്ന പുഴ നശിച്ചതോടെ ആളുകൾ വലഞ്ഞു.പലരും ഒരു തുള്ളി വെള്ളം കിട്ടാതെ മരിക്കാനിടയായി.ഈ ദുരിതം നാടാകെ പടർന്നപ്പോൾ അവർ തങ്ങളുടെ തെറ്റ് മനസ്സിലാക്കി.അവർ ഒത്തുചേർന്ന് ആ ഫാക്ടറി പൂട്ടിക്കാൻ തീരുമാനിച്ചു.അങ്ങനെ ഗ്രാമവാസികൾ അവരുടെ ഗ്രാമത്തിനെ തിരിച്ചുകൊണ്ടുവന്നു. അതിനുശേഷം അവിടെയുള്ള ഒറ്റ മനുഷ്യരും പ്രകൃതിയോട് ഒരു ക്രൂരതയും കാണിച്ചിട്ടില്ല. അവർ അതിനുശേഷം ഒത്തൊരുമയോടു സന്തോഷത്തോടും ജീവിച്ചു.

കൃഷ്ണപ്രിയആർ.പി

ക്ലാസ് :8 ബി



# ഞാനീ ഭൂമിക്കു ഭാരം ...

കണ്ടുഞാൻ ആദ്യമായ്
വൃദ്ധസദനത്തിൻ പടിവാതിലിൽ
എൻ മക്കളിന്നെന്നെ ഉപേക്ഷിച്ചു
ഇവിടെ...
നാഴിയൂരി മണ്ണും പകുത്തെടുത്ത്
മക്കൾ നാലുവഴിക്കായി പിരിഞ്ഞുപോയി
അച്ഛൻ മറഞ്ഞോരു കാലം മുതൽ-
ക്കമ്മ ഏകയാണേകയാണീ ഭൂമിയിൽ
എന്നെ ഏകയാക്കി
പിരിഞ്ഞുപോയി എൻ നാലുമക്കൾ...
ഞാൻ എന്തു പാപം ചെയ്തു
എൻ മക്കളെ നിങ്ങളെന്നോടീ
ക്രൂരത ചെയ്തു
ഞാൻ എൻ മക്കൾക്കും ഭാരം
ഞാൻ ഈ ഭൂമിക്കും ഭാരം

**അഞ്ജനകൃഷ്ണ എം.**



# ഞാറ്റുവേലച്ചൊല്ലുകൾ

ഭൂമി സൂര്യനെ ചുറ്റുന്ന വഴിയെ ഭാഗങ്ങളാക്കി അതിൽ ഓരോ ഭാഗവും ഞാറ്റുവേല എന്ന് പറയപ്പെടുന്നു.

.ചോതിവർഷിച്ചാൽ ചോറ്റിനുപഞ്ഞമില്ല.

.അശ്വതിയിലിട്ട വിത്തും ഭരണിയിലിട്ട മാങ്ങയും കേടുവരില്ല.

.പൂയത്തിൽമഴ പെയ്താൽ പുല്ലുംനെല്ല്.

.ആയില്യത്തിൽപാകിയാൽ അത്തത്തിൽ പറിച്ചുനടാം.

.ആയില്യക്കള്ളൻ അകത്തോ-പുറത്തോ?

# നെല്ല്-പലഭാഷകളിൽ

മലയാളം-നെല്ല്
തമിഴ്-അരിസി
അറബി-ആൽറൂസ്
സ്പാനിഷ്-അരോസ്
ഗ്രീക്ക്-ഒറൈസ
ഇംഗ്ലീഷ്-റൈസ്
ഫ്രഞ്ച്-റീസ്
സംസ്കൃതം-വൃതി
ഹിന്ദി-ചാവൽ

സോന

ക്ലാസ് :10 E

# അമ്മയെന്ന കേരളം

അമ്മയെന്ന കേരളം
ഞാൻപിറന്ന കേരളം
വാത്സല്യത്തിൻ മുത്തുകൾ വിതറിയ  കേരളം
കേരളത്തിൻ ഭംഗി പുകഴ്ത്തും
മലയാളമെന്നെന്റെ ഭാഷ
കേരവൃക്ഷങ്ങൾ തഴുകിയുണർത്തും
അതിസുന്ധരമാണെന്റെ നാട്
പച്ചപട്ടുടുത്ത് ചാഞ്ചാടുന്ന വയലേലകൾ
കളനാദം മുഴക്കിയൊഴുകുംനദികൾ
വഞ്ചിപ്പാട്ടിൻ ഈണം നൊറ്റൊരു
നാടാണെന്റെ കേരളം
സുന്ദരകേരളം സുരഭിലകേരളം.

**അപർണ ആർ. ബി.**

**ക്ലാസ്സ് :6C**



# പ്രകൃതിവർണ്ണന

രാവിലെ പക്ഷികളുടെ മധുരമായ ഗാനങ്ങൾ കേട്ടാണ് ഞാൻ ഉണരുന്നത്.അപ്പോഴേക്കും സൂര്യൻ സ്വർണ്ണഗോപുരംപോലെ ഉദിച്ചുയരുന്നുണ്ടായിരിക്കും.ചെടികളിൽ മഞ്ഞുതുള്ളി പറ്റി പിടിച്ചിരിക്കുമ്പോൾ സൂര്യൻ അതിൽ തിളങ്ങുന്നതു കാണാം.ശരിക്കും സൂര്യൻ അടുത്തുനിന്ന് തിളങ്ങുന്നതുപോലെ തോന്നും.രാവിലെ പ്രകൃതിയെ കാണാൻ അതിസുന്ദരമാണ്.വിവിധ പക്ഷികളുടെ ശബ്ദം കാരണം പ്രകൃതി ശബ്ദമുഖരിതമായിത്തീരും. വർണ്ണാഭമായ പൂമ്പാറ്റകൾ പൂവുകളിൽ നിന്ന് തേൻ നുകരുമ്പോൾ ഞാൻ കാഴ്ചയിൽ മയങ്ങി വീഴും.പ്രകൃതിയിലെ എല്ലാ ജീവജാലങ്ങൾക്കും എത്രയെത്ര സൗന്ദര്യസങ്കൽപ്പങ്ങളാണ് ദൈവം നൽകിയിരിക്കുന്നത് ! ശരിക്കും പറഞ്ഞാൽ പ്രകൃതി ഒരു അമ്മ തന്നെയാണ്.

**ദർശന എസ്.എസ്**

**ക്ലാസ്സ് : 9**



# വീട്ടമ്മയുടെ ഉപദേശം

ഒരിടത്ത് ഒരിടത്ത് ഒരു കുഞ്ഞ് പൂച്ച ഉണ്ടായിരുന്നു. ആ പൂച്ച ജനിച്ചു കഴിഞ്ഞപ്പോൾ കുഞ്ഞിന്റെ അമ്മയും അച്ഛനും ചത്തു പോയിരുന്നു. ഒരു ദിവസം പൂച്ചക്കുട്ടി റോഡിലൂടെ നടന്നുവരികയായിരുന്നു. അപ്പോൾ അതാ ഒരു വലിയ ലോറി വരുന്നു. പൂച്ച പെട്ടന്ന് വഴി മാറി. ഹാവൂ രക്ഷപ്പെട്ടു. ഏതോ വീട്ടിൽ മീൻ കറിയുടെ മണം പൂച്ച മണത്തുനോക്കി. പൂച്ച ജനാലയിലൂടെ നോക്കിയപ്പോൾ വീട്ടുകാർ അടുക്കളയിൽ നിൽക്കുന്നതു കണ്ടു. ആ കുഞ്ഞ് പൂച്ച കുറച്ച് നേരം ചുറ്റി കറങ്ങി നിന്നു. അപ്പോൾ അതാ വേരെ പൂച്ച വരുന്നു. പിന്നെ അവർ രണ്ട് പേരും കൂട്ടുകാരായി. അങ്ങനെ മീൻ മോഷ്ടിക്കാൻ സൂത്രങ്ങൾ ആലോചിച്ചു. അങ്ങനെ അവർ രണ്ട് പേരും അടുക്കളയിൽ കയറി. പാത്രം തറയിൽ വീണു. ശബ്ദം കേട്ട് വീട്ടമ്മ അടുക്കളയിൽ വന്നു പറഞ്ഞു എനിക്ക് മക്കളില്ല ഈ എല്ലാ മീനും ഞാൻ കഴിക്കില്ല. നിങ്ങൾക്ക് പകുതി തരാം. എന്നിട്ട് ഇനിമുതൽ മോഷ്ടിക്കരുത് എന്ന് വാക്ക് തരാനും പറഞ്ഞു. അങ്ങനെ അവർ രണ്ടു പേരും ആ വീട്ടമ്മയുടെ വീട്ടിൽ ജീവിതകാലം മുഴുവൻ ജീവിച്ചു.

**അർച്ചന എസ്.ബി.**

**ക്ലാസ് : 7 A**



# കിട്ടുവിന്റെ ക്രിസ്തുമസ് സമ്മാനം

ഒരിടത്ത് ഒരു വീട്ടിൽ കിട്ടു എന്ന് പേരുള്ള ഒരു നായ്ക്കുട്ടൻ ഉണ്ടായിരുന്നു. അവന്റെ യജമാനനാണ് കിച്ചു. കിച്ചുവിന് കിട്ടുവിനെ വളരെ ഇഷ്ടമായിരുന്നു. ഒരു ദിവസം അവന്റെ വീട്ടിൽ ഒരു പാർട്ടു ഉണ്ടായിരുന്നു. പാർട്ടിയിൽ അനേകംപേർ പങ്കെടുത്തു. അവന്റെ യജമാനനായ കിച്ചുവിന് എല്ലാവരും ക്രിസ്മസ് സമ്മാനം നൽകി. അത് അവന് അളരെ വിഷമമായി. അവനാരും സമ്മാനം നൽകിയില്ല എന്നതായിരുന്നു അവന്റെ വിഷമം. അവൻ തന്റെ കൂത്തിൽ ചെന്ന് കിടന്നു അറിയാതെ ഉറങ്ങിപ്പോയി. അവൻ ഒരു സ്വപ്നം കണ്ടു. സാന്താക്ലോസ് വണ്ടിയിൽ നിന്ന് അവന് സമ്മാനങ്ങൾ താഴേക്ക് ഇട്ടുകൊടുത്തു. അവൻ ഉറക്കം ഉണർന്ന് നോക്കിയപ്പോൾ അവന്റെ ചുറ്റും കുറേ സമ്മാനങ്ങൾ. അവന് സന്തോഷമായി. അവൻ എല്ലാവരോടും കൂടെ ക്രിസ്മസ് ആഘോഷിച്ചു.

**ആശിഷ മോഹൻ എ. എൽ.**

**ക്ലാസ്സ് : 7 A**



# പ്രളയം

അമ്പൊ! എന്തൊരു മഴയിതു കണ്ടോ
കുടു കുടു കുടു കുടു പെയ്യുന്നുണ്ടേ
തോടും പുഴയും ആറും കിണറും
പൊങ്ങി പൊങ്ങി വരുന്നുണ്ടയ്യ.....

കുതിച്ചു മറിഞ്ഞു കടന്നു വരുന്നു
എന്തൊരു മഴയിതു അയ്യോ അയ്യോ
കയറി ഒളിച്ചു വീട്ടിൻ ഉള്ളിൽ
ഡാമുകൾ തള്ളി തുറന്നു വരുന്നെ

ഈശ്വര കാക്കണെ നീതന്നെ കാക്കണെ (2)

ആറും തോടും നിറഞ്ഞു വരുന്നു
എന്തൊരു കഷ്ടം എന്തൊരു കഷ്ടം
രക്ഷാസൈന്യം പാഞ്ഞുവരുന്നു
ഹാവൂ എന്തൊരു സമാധാനം
[ഈശ്വര]
വാർപ്പിൽ ഇരുന്ന് ഒഴുകിവരുന്നു
ആരാ എന്താ അറിയില്ലല്ലോ
നാടറിയും ജനം ആരാണിവരെന്ന്
പൃഥ്വീരാജിൻ അമ്മയല്ലോ[ഈശ്വര കാക്കണെ]

സ്കൂളിലുമെല്ലാം ചെളിയും കയറി
വീട്ടിലുമെല്ലാം പാമ്പുംകയറി
പേടിയാകുന്നെന്തുചെയ്യാൻ
അയ്യോ ജീവൻ തകർത്തുവല്ലോ....

രാഹിത എ.ആർ
ക്ലാസ്സ് :8 D



# പ്രതിഭ

പൂന്തട്ടമാം വിദ്യാലയങ്ങളിൽ അറിവിൻ തേൻ നുകരാൻ വരുന്ന
തേനീച്ചകളാം വിദ്യാർത്ഥികൾ അറിവിൻ നെൽപ്പാടത്തിൽ
ഗുരുനാഥൻ പകർത്തും വിദ്യാജ്യോതിയിൽ
പൊൻപ്രതിഭകളായി മിന്നാം നാളെയുടെ നൽ പ്രതിഭകളാകാം
ആകാശത്തിൽ മിന്നിത്തിളങ്ങും വിളക്കുകളാം നക്ഷത്രങ്ങളായി
തിളങ്ങാം മിന്നിത്തിളങ്ങാം നാളെയുടെ നല്ലൊരു താരമാകാം പ്രതിഭയാകാം

എലിസബത്ത് എ.എസ്.

ക്ലാസ് :7 A



# Why do we need more schools in government sector ?

*"Education has to be privatised; only private sector can provide quality and government schools drain public exchequer." In the past,clamour regarding this had been on the up and many parents fell prey to such argument. But the trend is changing now and many now prefer government schools to private schools. Why do they do it or rather why should they do it ? The reasons are quite obvious. In fact, government schools should be supported and promoted and government involvement and spending in education should be enhanced obviously for three reasons:*

1) To uphold the secular fabric of our nation.

2)To provide affordable quality education.

3)To have a greater say in the system for all the stakeholders- parents,pupils and teachers.

India is a sovereign,socialist secular,democratic republic and our founding fathers wanted our education system to hold the principles firmly. But with the advent of 'private players' or serious blemishes have crept into the system. Of course,there are private institutions that seriously put in efforts to inculcate secular values, they are only a few. Barring these ,most of the private institutions which are run by casteist /communal organisations,covertly or overtly, undermine the secular spirit that is the basis of our constitution. From admission to

appointment,such private players consider only the caste/communal colour or money power rather than merit making the institutions communal parlours or banking institutions rather than schools. Materialism and sectarianism rule the roost in such schools. In consequence, the children who come out of such institutions have a highly polarised mind and narrow outlook and fail to blend into the secular atmosphere of the society. Such degeneration,undoubtedly,adversely affect the unity in diversity of our nation.

In short, private institutions defy. What they pledge to uphold. But in government schools, teachers and pupils come from all walks of life and blend harmoniously with everyone. We can see a cross section of real society in government schools without any bias on on the basis of caste, creed, colour or community. It truly proves that

the existence of our nation as a 'Secular democratic republic' lies in Government Schools. Upholding government schools is upholding our nation.

A nation that has passed the historical 'Right to Education Act' is also duty bound to ensure that quality education is provided at affordable rate. If education is left to the private players, it will become an expensive commodity quite beyond the reach of many as they aim at profit only. Although development is the Key word,a large section of the society is still under privileged and underdeveloped. They need to be brought into the mainstream. Government can control and effectively intervene for the well-being and development of society only if education is under government control. In private schools, the poor are left out whereas the rich are

taken care of. In government schools, the poor as well as the rich are taken care of in equal terms, and also affordable quality education is provided. Most of the government schools, in Fact,all schools have become hi-tech in tunc with modern trends,making our pupils tech - savvy .Many government schools now boast of facilities which the private players can only dream of. Moreover, studies after studies have revealed that qualified and competent teachers are more in Govt. schools than in private. Therefore affordable quality education, in the real sense, materialises only in government schools.

Constructive parental interference always helps to enhance the quality of education. Private managements always create iron barricades and never allow parents to have a greater role in the running of the institution.

*PTA are only for namesakes. But in Govt. Schools Parent Teacher Association and School Management Committee have the right to interfere and make constructive suggestions. A creative and constructive PTA and SMC always have a greater say in the day-to-day affairs of Govt. Schools. Pupils are allowed to air their opinions and they are given due importance. Thus a government school is run by a body of parents, pupils and teachers, unlike in private schools where the diktats of the management reigns supreme. Democracy functions in Govt. Schools whereas it doesn't in private.*

*India, the largest democracy in the world, boasts of its secular principles, affordable quality education and democratic functioning of her institutions. If it*

has to remain so, without an iota of doubt, we can say that education should be through government schools, more schools should be opened in Govt. sector and education should be under 'Government' control. Kofi Annan states "Knowledge is power,Information is liberating. Education is the premise of progress, in every society, in every family." Let us remember, that a progressive society walks out of Govt. Schools after the necessary empowerment in all sectors

**Sri O. K. Haridas**



# Peace Comes To You

When you enjoy raindrops
peace comes to you
when you hear birds song
peace comes to you
when you see fish swim
in clean water
peace comes to you
when you hear children laugh
peace comes to you
And when you humble while walking in
the wood
peace comes to you
And when you sit quality
watching the sun sits and rises
Listening to the waves sing

*Then peace comes to you*
*let peace comes to you in*
*different ways*
*Let peace be with us all*

**Anuja S. S.**
**Std.8B**



# English Riddles

1) What 5 letter words becomes shorter when you add two letters to it?

Short

2)What never asks question but is often answered?

Door bell

3) What belongs to you but other people say it more than you?

Your name

4) I have a large money box, 48cm square and 42cm tall. Roughly how many coins can I place in my empty money box?

Just one, after which it will no longer be empty.

5)What does this mean ?I RIGHT I

Right between eyes.

6)What's full of holes but still holds water?

Sponge

7)If an electric train is going east at 60 miles an hour and there is a strong westerly wind, which way does the smoke from the driff?

There is no smoke coming from electric train.

8)Say race car backwards.

Race car backwards.

9)What do the numbers 11,60 and 88 all have in common?

They read the same upside down.

10)How can you throw a ball as hard as you can, to only have it come back to you, even if it doesn't bounce off anything?

Throw the ball straight up in the air.

# Oscar Wild

Oscar wild was an Irish poet fiction writer and essayist. He is considered as a central figure in aesthetic writing and a master short story writer. He was a staunch advocate of the art for art's sake. His major plays include A Women of No Importance , An Ideal Husband and The Importance of Being Earnest and the novel The Picture of Dorian Gray. In 1888, he wrote Poems , and published The happy prince and other Tales, a collection of children's story. Later he published a collection of essays arguing the tenets of aestheticism.

**By**
**Hannah Jose J**
**VIII B**



# सच्चरित्रता

आज का युग अर्थ प्रधान युग है।मनुष्य की श्रेष्ठता उसकी धन पर मापते है।मनुष्य धन के पीछे पागल रहता है।लेकिन उससे भी ज़्यादा महत्व स्वास्थ्य को देना है।स्वास्थ्य अच्छा होने से धन कमाया जाता है।धन से स्वास्थ्य नहीं खरीदा जाता।लेकिन इन सब में से बड़ा सच्चरित्र है।सच्चरित्र से धनी मनुष्य जीवन में आदर पाता है।मृत्यु उपरान्त भी वह अमर रहता है।अंग्रेज़ी में एक कहावत है-

If wealth is lost, Nothing is lost
If health is lost, Something is lost
If character is lost, Everything is lost.

अर्थात्

धन जो गया, गया कुछ नहीं
स्वास्थ्य गया, तो कुछ जाता है
सदाचार जो गया मनुष्य का, सर्वस्व ही लूट जाता है।

चरित्र एक महाशक्ति- बर्टल लिखते हैं- चरित्र एक ऐसा हीरा है, जो हर किसी पत्थर को घिस सकता है।चरित्र एक शक्ति ही नहीं, सब शक्तियों पर छा जानेवाली महाशक्ति है।चरित्र रूपी धन होनेवाले पर संसार भर की विभूतियाँ संपत्तियाँ और सुख-सुविधाएँ घुटने टेक देति है।चरित्र का अर्थ है- आचरण या चाल चलन।अर्थात् आचरण याने सद्गुणों का समुच्चय। चरित्रवान व्यक्ति में सत्य, न्याय, प्रेम, मानवता, करुणा, दया, अहिंसा, त्याग आदि गुण समुन्वय होता है। जिनमें ये गुण का अभाव है उसे चरित्रहीन कहलाते हैं।गाँधीजी का

उद्वाहरण लीजिए वे प्रतिभा में अत्यन्त सामान्य थे। परंतु सत्य, अहिंसा, न्याय आदि के जो गुण अपने साँचे में ढले उसके परिणाम उन्हें उज्ज्वल चरित्र मिला जिसका प्रकारा विश्व भर वें उज्ज्वलित हुआ।इसलिए बोर्डमैन लिखते हैं-

"कर्म को बोओ और आदत की फसल काटो;
आदत को बोओ और चरित्र की फसल काटो;
चरित्र को बोओ और भाग्य की फसल काटो।"

स्पेन्सर ने लिखा- "मनुष्य की सबसे बड़ी आवश्यकता शिक्षा नहीं चरित्र है और यही उसका सबसे बड़ा रक्षक है।"एमर्सन महोदय कहते हैं- "यदि तुम सच बोलोगे तो सारी प्रकृति और सब जीव तुम्हारी सहायता करेंगे।चरित्र ही मनुष्य की पूँजी है।"चरित्रवान अपने को धन्य,सफल महसूस करता है।संसार की सारी खुशियाँ उसके चारों और घूमता है।उसके पथ में मिले काँटे भी फूल बन जाते हैं।सूली पर चढ़कर भगतसिंह को गौरव मिला,गाँधी को गोली खाकर अमरत्व मिला,ईसा मसीहा सूली पर चढ़कर जन जन के हृदय में बस गए। आवश्यक नहीं कि सचरित्र व्यक्ति को सफलता मिले परन्तु जब तक वह जीवित है,वह संतुष्ट रहता है,छाती तानकर,नज़रें उठाकर शान से जीता है।वह ज़माने के इशारे पर नहीं,ज़माना उसके इशारों पर चलता है।

**सुष्मा पी.**



# कहानी सम्राट : प्रेमचन्द

पूरा नाम : धनपतराय श्रीवास्तव

उपनाम : प्रेमचन्द

जन्म : 1880 ग्राम लमही,वारणासी,उत्तर प्रदेश,भारत

मृत्यु : 1936 वारणासी,उत्तर प्रदेश,भारत

कार्यक्षेत्र : अध्यापक,लेखक,पत्रकार,संपादक

राष्ट्रीयता : भारतीय

भाषा : हिन्दी

काल : आधुनिक काल

विधा : कहानी,उपन्यास,नाटक,निबंध,अनुवाद

विषय : सामाजिक

प्रमुखकृतियाँ : सेवासदन , प्रेमाश्रम , रंगभूमि , कायाकल्प , निर्मला , गबन , कर्मभूमि , गोदान ,

गलसूत्र , सप्तसरोज , नवनिधी , प्रेमपूर्णिमा , प्रेम-पचीसी , प्रेम-प्रतिमा , प्रेमद्वादशी ,

समरयात्रा , मानसरोवरमं

प्रेमचन्द आधुनिक हिन्दी कहानी के पितामह माने जाते हैं।1901 में उनका साहित्यिक जीवन का आरंभ हुआ।उनकी पहली हिन्दी कहानी 1915 में सौत नाम से सरस्वती पत्रिका के दिसंबर अंक में प्रकाशित हुई।1936 में अंतिम कहानी कफन नाम से प्रकाशित हुई।बीस वर्षों के इस अवधि में उन्होंने कई तरह की कहानियाँ लिखी।उनसे पहले हिन्दी में काल्पनिक,पौराणिक और धार्मिक रचनाएँ ही की जाते थे।प्रेमचन्द ने हिन्दी में यथार्थवाद की शुरूआत किया।

"भारतीय साहित्य का बहुत सा विमर्श जो बाद में प्रमुखता से उभरा चाहे वह दलित साहित्य हो या नारी साहित्य उसकी जडे कही गहरे प्रेमचंद के साहित्य में दिखाई देती है"।उनका पहला उपलब्ध लेखन उनका उर्दू उपन्यास

'असरारे मआबिद' है।'हमखुर्मा व हमसवाब' उनका दूसरा उपन्यास है।इसका हिंदी रूपांतरण 'प्रेमा' नाम से 1907 में प्रकाशित हुआ।उनका पहला कहानी संग्रह 'सोजे-वतन' नाम से 1908 में प्रकाशित हुआ।सोजे-वतन यानी देश का दर्द।इसमें देशभक्ति की भावना थी।इसलिए अंग्रेज़ी सरकार ने इस पर रोक लगा और उसके लेखक को भविष्य में इस प्रकार के लेखन न करने की चेतावनी दिया।इसके कारण उनको नाम बदलकर लिखना पड़ा।

उनका असली नाम धनपतराय श्रीवास्तव था।'प्रेमचन्द' नाम से लिखा उनकी पहली कहानी 'बड़े घर की बेटी' जमाना पत्रिका के 1910 के दिसंबर अंक में प्रकाशित हुई।उनकी मृत्यु के बाद उनकी कहानियाँ मानसरोवर नाम से 8 खंडों में प्रकाशित किया।कथा सम्राट प्रेमचन्द का कहना है कि साहित्यकार देशभक्ति और राजनीति के पीछे चलनेवाली सच्चाई नहीं बल्कि उसके आगे मश्ल दिखाती हुई चलनेवाली सच्चाई है।यह कहावत उनके साहित्य में भी उजागर है।

1921 में उन्होंने महात्मा गाँधी के प्रभाव से अपनी नौकरी छोड दिया। उन्होंने कुछ महीने तक 'मर्यादा' पत्रिका के संपादन किया और छह साल तक 'माधुरी' नामक पत्रिका के संपादन किया।1930 में बनारस से उन्होंने अपने मासिक पत्र 'हंस' का शुरूआत किया।उन्होंने 1932 के आरंभ में ‘जागरण’ नामक एक साप्ताहिक भी निकला।1936 में उन्होंने लखनऊ में सम्मिलित अखिल भारतीय प्रगतिशील लेखक संघ के सम्मेलन की अध्यक्षता किया।उन्होंने मोहन दयाराम भवनानी की अजंता सिनेटोन कंपनी में कहानी लेखक की नौकरी भी किया।1934 में प्रदर्शित 'मज़दूर' नामक सिनेमा की कथा लिखी।कंट्रेक्ट की साल भर की अवधि पूरी

किये बिना ही दो महीने का वेतन छोड़कर बनारस भाग आये क्योंकि बंबई का और उससे भी ज़्यादा वहाँ की फिल्मी दुनिया का हवा-पानी उन्हें रास नहीं आया।

उन्होंने मूल रूप में 1915 से कहानियाँ लिखना शुरू किया और 1918 से उपन्यास लिखना आरंभ किया।प्रेमचंद ने करीब तीन सौ कहानियाँ,उपन्यास,और कई लेख लिखे।उन्होंने कुछ नाटक भी लिखे और कुछ अनुवाद भी किया।प्रेमचंद ने कई साहित्यिक कृतियों को अंग्रेज़ी,रूसी,जर्मन आदि अनेक भाषाओं में अनुवाद किया।'गोदान' उनकी कालजयी रचना है।'कफन' उनकी अंतिम कहानी मानी जाती है।

उन्होंने हिन्दी और उर्दू में कई महत्वपूर्ण कृतियाँ लिखी है।33 वर्षों की रचनात्मक जीवन में वे साहित्य की ऐसी विरासत सौप गए जो गुणों की दृष्टि से अमूल्य है और आकार की दृष्टि से असीमित।

ऐश्वर्या एस. शेखर

9 A



# വരകൾ വർണ്ണങ്ങൾ



ദേവനന്ദ സി. വി.





കൃഷ്ണ ജെ . എസ് .
ക്ലാസ്സ് : 9 D




ആശിഷ മോഹൻ

ക്ലാസ്സ് :7 A



അപർണ ആർ. ബി.

6C




पेड़
प्रकृति का वरदान!
“सुदंर सुंदर
पेड़
सुदंर सुदंर
बप्दल
सुदंर सुंदर
चिड़ियाँ
कितना सुदंर है
हमारा प्रकृति !”

# ആൽബം

## ശാസ്ത്രമേള വിജയികൾ



## സ്പോർട്സ് ക്ലബ്



# 1200/ 1200( HSS) ‘



# എൻ. സി. സി.



# ജൂനിയർ റെഡ് ക്രോസ്



# ഗൈഡ്



# മ്യൂസിക് ഗ്രൂപ്പ്



# ക്രിസ്തുമസ് ആഘോഷങ്ങൾ





# കലോത്സവം










നെയ്യാറ്റിൻകര താലൂക്കിലെ പെൺകുട്ടികൾക്ക് മാത്രമായുള്ള ഏക വിദ്യാലയം
തുടർച്ചയായ 5-ാം വർഷവും 100% വിജയം
എല്ലാവർക്കും പ്രവേശനം, എല്ലാവർക്കും ഗുണമേന്മ വിദ്യാഭ്യാസം
ജില്ലയിലെ ആദ്യ സമ്പൂർണ്ണ എയർ കണ്ടീഷൻഡ് കമ്പ്യൂട്ടർ ക്ലാസ് റൂം
+2 വിന് 50ൽ പരം ഫുൾ എ പ്ലസുകൾ
ഉന്നത നിലവാരമുള്ള അദ്ധ്യാപക സമീപനങ്ങൾ
വ്യക്തിത്വ വികസനത്തിന് കൗൺസിലിംഗ് സൗകര്യം
സൗജന്യ പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും
വിജയ കൊയ്ത്തിന് എസ്.എസ്.എൽ.സി. വിദ്യാർത്ഥിനികൾക്ക് 'നിശാഗന്ധി' രാത്രികാല പഠനക്ലാസുകൾ
ഗൈഡ്, റെഡ്ക്രോസ്, നാഷണൽ സർവ്വീസ് സ്കീം
കലാകായിക സാഹിത്യ മേഖലയിൽ സംസ്ഥാന മത്സര വിജയികൾ
SCHOOL BUS
എല്ലാ റൂട്ടുകളിലേയ്ക്കും സ്കൂൾ ബസ് സൗകര്യം മിതമായ നിരക്കിൽ
ഗുണ നിലവാര വ്യക്തിത്വ രൂപീകരണത്തിനും വിദ്യാഭ്യാസത്തിനും ഒരൊറ്റ ഉത്തരം
നെയ്യാറ്റിൻകര ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ

# നന്ദി

